| 26 | ARULNILAYAM | 13 | 13 | 7 | 17 | 15 | 18 | 16 | 17 | 16 | 14 | 16 | 10 | 82 | 90 | 172 |
| 27 | ARAVANKADU | 1 | 0 | 3 | 2 | 3 | 4 | 2 | 1 | 3 | 0 | 0 | 0 | 11 | 8 | 19 |
| 28 | BEKKI | 2 | 3 | 4 | 2 | 6 | 4 | 3 | 2 | 5 | 6 | 2 | 4 | 23 | 20 | 43 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 29 | COONOOR | 6 | 4 | 9 | 11 | 8 | 9 | 9 | 8 | 11 | 13 | 6 | 3 | 51 | 46 | 97 |
| 30 | DARMAGIRI | 9 | 9 | 16 | 11 | 21 | 14 | 9 | 22 | 20 | 15 | 18 | 15 | 87 | 92 | 179 |
| 31 | KALPRA | 14 | 18 | 8 | 15 | 14 | 15 | 16 | 16 | 11 | 13 | 12 | 8 | 81 | 79 | 160 |
| 32 | KAYYUNNI | 18 | 27 | 30 | 19 | 34 | 22 | 27 | 62 | 39 | 46 | 21 | 32 | 176 | 201 | 377 |
| 33 | KUNNALADI | 6 | 17 | 10 | 4 | 5 | 7 | 4 | 4 | 10 | 14 | 7 | 7 | 50 | 45 | 95 |
| 34 | MACHIKKOLLY | 5 | 4 | 11 | 10 | 5 | 12 | 10 | 12 | 16 | 18 | 12 | 11 | 72 | 54 | 126 |
| 35 | MANVAYAL | 10 | 11 | 7 | 11 | 14 | 15 | 22 | 17 | 15 | 26 | 8 | 6 | 84 | 78 | 162 |
| 36 | PANAMCHIRA | 6 | 7 | 4 | 7 | 6 | 9 | 7 | 10 | 6 | 10 | 5 | 5 | 42 | 40 | 82 |
| 37 | VIMALAGIRI | 6 | 15 | 7 | 7 | 14 | 17 | 13 | 15 | 20 | 19 | 14 | 5 | 70 | 82 | 152 |
| | | **96** | **129** | **116** | **119** | **147** | **146** | **140** | **189** | **172** | **197** | **124** | **106** | **837** | **844** | **1681** |
| | **KALLODY** | | | | | | | | | | | | | | | |
| 38 | CHULLIYANA | 10 | 9 | 8 | 8 | 8 | 7 | 7 | 7 | 7 | 5 | 11 | 6 | 53 | 40 | 93 |
| 39 | DEEPTHIGIRI | 9 | 18 | 14 | 16 | 19 | 16 | 20 | 16 | 13 | 21 | 15 | 12 | 101 | 88 | 189 |
| 40 | DWARAKA | 16 | 24 | 13 | 29 | 29 | 18 | 35 | 28 | 27 | 29 | 25 | 32 | 145 | 160 | 305 |
| 41 | JUDE'S MOUNT | 2 | 10 | 7 | 7 | 5 | 13 | 11 | 12 | 7 | 8 | 8 | 8 | 51 | 47 | 98 |
| 42 | KALLODY | 51 | 46 | 47 | 48 | 50 | 54 | 51 | 52 | 56 | 53 | 43 | 46 | 293 | 304 | 597 |
| 43 | KARACKAMALA | 18 | 25 | 19 | 23 | 27 | 21 | 26 | 23 | 22 | 26 | 13 | 16 | 111 | 148 | 259 |
| 44 | KARIMBIL | 6 | 11 | 5 | 4 | 5 | 6 | 3 | 7 | 3 | 4 | 3 | 2 | 36 | 23 | 59 |
| 45 | KOMMAYAD | 11 | 14 | 20 | 24 | 16 | 20 | 14 | 19 | 23 | 12 | 18 | 8 | 100 | 99 | 199 |
| 46 | KUNJHOM | 3 | 10 | 7 | 11 | 15 | 15 | 11 | 9 | 6 | 9 | 9 | 8 | 75 | 38 | 113 |
| 47 | MAKKIYAD | 8 | 8 | 9 | 12 | 16 | 18 | 22 | 25 | 20 | 20 | 10 | 6 | 93 | 81 | 174 |
| 48 | MANGALASSERY | 7 | 5 | 6 | 6 | 5 | 16 | 4 | 7 | 7 | 2 | 4 | 5 | 30 | 44 | 74 |
| 49 | MOTHAKKARA | 0 | 3 | 6 | 3 | 0 | 7 | 6 | 8 | 6 | 7 | 3 | 7 | 30 | 26 | 56 |
| 50 | NIRAVILPUZHA | 4 | 3 | 3 | 0 | 5 | 3 | 2 | 5 | 3 | 7 | 1 | 3 | 23 | 16 | 39 |
| 51 | PUTHIYIDAM KUNNU | 8 | 9 | 10 | 9 | 10 | 12 | 5 | 9 | 10 | 11 | 7 | 7 | 51 | 56 | 107 |
| 52 | PUTHUSSERY | 4 | 14 | 4 | 7 | 13 | 11 | 7 | 6 | 10 | 6 | 8 | 3 | 41 | 52 | 93 |
| 53 | THONICHAL | 14 | 21 | 26 | 17 | 15 | 23 | 22 | 21 | 14 | 10 | 17 | 15 | 109 | 106 | 215 |
| 54 | VANJOD | 5 | 13 | 10 | 10 | 13 | 11 | 22 | 10 | 11 | 18 | 13 | 8 | 80 | 64 | 144 |
| 55 | VELLAMUNDA | 11 | 15 | 7 | 15 | 14 | 9 | 12 | 7 | 9 | 9 | 11 | 11 | 81 | 49 | 130 |
| | | **187** | **258** | **221** | **249** | **265** | **280** | **280** | **271** | **254** | **257** | **219** | **203** | **1503** | **1441** | **2944** |
| | **KALPETTA** | | | | | | | | | | | | | | | |
| 56 | CHARITTY | 7 | 9 | 4 | 4 | 6 | 6 | 15 | 5 | 2 | 4 | 4 | 1 | 33 | 34 | 67 |
| 57 | CHURALMALA | 0 | 2 | 1 | 2 | 0 | 4 | 5 | 3 | 4 | 6 | 0 | 5 | 22 | 10 | 32 |
| 58 | EDAPPETTY | 8 | 14 | 16 | 5 | 8 | 8 | 10 | 14 | 7 | 14 | 4 | 8 | 55 | 61 | 116 |
| 59 | KALPETTA | 30 | 39 | 21 | 28 | 31 | 41 | 28 | 34 | 21 | 38 | 30 | 18 | 169 | 190 | 359 |
| 60 | KOLAVAYAL | 6 | 6 | 10 | 6 | 9 | 15 | 8 | 11 | 6 | 11 | 6 | 4 | 51 | 47 | 98 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 61 | KUNNAMPETTA | 0 | 1 | 0 | 1 | 1 | 0 | 1 | 0 | 2 | 1 | 0 | 0 | 5 | 2 | 7 |
| 62 | LAKKIDI | 6 | 1 | 3 | 2 | 0 | 0 | 3 | 0 | 2 | 1 | 0 | 0 | 8 | 10 | 18 |
| 63 | NEDUMBALA | 9 | 28 | 10 | 17 | 11 | 16 | 21 | 10 | 15 | 16 | 12 | 9 | 72 | 102 | 174 |
| 64 | OLIVUMALA | 3 | 5 | 9 | 1 | 6 | 4 | 3 | 1 | 10 | 7 | 3 | 6 | 32 | 26 | 58 |
| 65 | PUZHAMUDI | 3 | 5 | 3 | 3 | 8 | 7 | 11 | 6 | 7 | 5 | 5 | 2 | 32 | 33 | 65 |
| 66 | RIPPON | 18 | 12 | 20 | 13 | 11 | 24 | 12 | 12 | 16 | 15 | 9 | 12 | 83 | 91 | 174 |
| 67 | THENERY | 13 | 19 | 21 | 25 | 18 | 24 | 24 | 22 | 19 | 20 | 28 | 15 | 123 | 125 | 248 |
| 68 | VAZHAVATTA | 20 | 27 | 37 | 31 | 27 | 32 | 37 | 27 | 33 | 36 | 20 | 19 | 166 | 180 | 346 |
| 69 | VYTHIRY | 4 | 5 | 3 | 2 | 3 | 4 | 5 | 1 | 3 | 1 | 3 | 3 | 21 | 16 | 37 |
| | | **127** | **173** | **158** | **140** | **139** | **185** | **183** | **146** | **147** | **175** | **124** | **102** | **872** | **927** | **1799** |
| | **MANANTHAVADY** | | | | | | | | | | | | | | | |
| 70 | ALATTIL | 18 | 9 | 24 | 23 | 26 | 24 | 20 | 16 | 25 | 22 | 23 | 14 | 127 | 117 | 244 |
| 71 | BOY'S TOWN | 1 | 5 | 4 | 6 | 0 | 4 | 6 | 13 | 4 | 5 | 2 | 2 | 40 | 12 | 52 |
| 72 | ELAPPEEDIKA | 11 | 7 | 12 | 10 | 5 | 13 | 12 | 9 | 8 | 14 | 12 | 8 | 57 | 64 | 121 |
| 73 | KARIMANI | 6 | 4 | 3 | 2 | 5 | 6 | 5 | 7 | 5 | 8 | 6 | 8 | 29 | 36 | 65 |
| 74 | KUTTIMOOLA | 8 | 4 | 6 | 7 | 6 | 10 | 6 | 16 | 0 | 9 | 7 | 5 | 46 | 38 | 84 |
| 75 | MANANTHA-VADY © | 40 | 40 | 35 | 55 | 59 | 51 | 45 | 47 | 62 | 39 | 42 | 25 | 268 | 272 | 540 |
| 76 | MANANTHA-VADY(T) | 18 | 13 | 18 | 23 | 16 | 17 | 10 | 12 | 10 | 18 | 18 | 11 | 94 | 90 | 184 |
| 77 | MUTHIRERY | 8 | 12 | 11 | 12 | 17 | 14 | 20 | 15 | 9 | 13 | 12 | 0 | 69 | 74 | 143 |
| 78 | PARATHOTTAM | 7 | 8 | 8 | 9 | 9 | 5 | 7 | 13 | 8 | 8 | 9 | 1 | 47 | 45 | 92 |
| 79 | PERIA | 5 | 5 | 6 | 5 | 8 | 8 | 10 | 5 | 4 | 14 | 6 | 5 | 36 | 45 | 81 |
| 80 | POROOR | 29 | 22 | 26 | 23 | 29 | 36 | 24 | 31 | 40 | 27 | 32 | 22 | 167 | 174 | 341 |
| 81 | PRASANTHAGIRI | 5 | 6 | 6 | 7 | 10 | 10 | 18 | 9 | 10 | 8 | 7 | 3 | 51 | 48 | 99 |
| 82 | PUTHIYIDOM | 9 | 5 | 17 | 10 | 10 | 17 | 9 | 10 | 15 | 6 | 7 | 0 | 61 | 54 | 115 |
| 83 | THALAPUZHA | 4 | 4 | 5 | 5 | 6 | 10 | 11 | 6 | 5 | 6 | 6 | 2 | 38 | 32 | 70 |
| 84 | THAVINJAL | 22 | 20 | 21 | 28 | 26 | 20 | 35 | 26 | 23 | 43 | 14 | 18 | 151 | 145 | 296 |
| 85 | VALAD | 9 | 7 | 5 | 4 | 5 | 3 | 4 | 5 | 7 | 8 | 6 | 7 | 41 | 29 | 70 |
| 86 | VALIYAKOLLY | 4 | 2 | 5 | 3 | 8 | 4 | 5 | 0 | 3 | 6 | 3 | 1 | 21 | 23 | 44 |
| 87 | YAVANARKULAM | 14 | 21 | 14 | 19 | 16 | 25 | 19 | 11 | 16 | 14 | 8 | 12 | 84 | 105 | 189 |
| | | **218** | **194** | **226** | **251** | **261** | **277** | **266** | **251** | **254** | **268** | **220** | **144** | **1427** | **1403** | **2830** |
| | **MANIMOOLY** | | | | | | | | | | | | | | | |
| 88 | BHOODANAM | 1 | 1 | 0 | 0 | 5 | 2 | 3 | 1 | 0 | 5 | 3 | 0 | 14 | 7 | 21 |
| 89 | MANIMOOLY | 29 | 26 | 48 | 48 | 33 | 38 | 28 | 31 | 47 | 45 | 42 | 5 | 216 | 204 | 420 |
| 90 | MARUTHA | 4 | 2 | 2 | 0 | 2 | 2 | 0 | 4 | 2 | 0 | 0 | 7 | 17 | 8 | 25 |
| 91 | MUNDERY | 6 | 4 | 6 | 11 | 12 | 10 | 5 | 9 | 6 | 14 | 8 | 4 | 51 | 44 | 95 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 92 | NARIVALAMUNDA | 9 | 16 | 20 | 13 | 16 | 13 | 24 | 18 | 14 | 29 | 26 | 21 | 115 | 104 | 219 |
| 93 | NJARAPPADAM | 10 | 3 | 8 | 6 | 5 | 9 | 4 | 7 | 4 | 3 | 6 | 5 | 37 | 33 | 70 |
| 94 | PALANKARA | 18 | 15 | 18 | 18 | 16 | 21 | 16 | 19 | 23 | 24 | 15 | 11 | 113 | 101 | 214 |
| 95 | PALEMAD | 18 | 12 | 3 | 19 | 14 | 12 | 18 | 15 | 17 | 19 | 19 | 12 | 98 | 80 | 178 |
| 96 | PATHIRIPPADAM | 23 | 24 | 17 | 15 | 16 | 33 | 24 | 17 | 24 | 17 | 22 | 13 | 110 | 135 | 245 |
| 97 | THALANJI | 20 | 17 | 19 | 21 | 14 | 27 | 20 | 29 | 24 | 21 | 18 | 12 | 126 | 116 | 242 |
| | | **138** | **120** | **141** | **151** | **133** | **167** | **142** | **150** | **161** | **177** | **159** | **90** | **897** | **832** | **1729** |
| | **MULLENKOLLY** | | | | | | | | | | | | | | | |
| 98 | ADIKKOLLY | 21 | 17 | 21 | 21 | 27 | 26 | 25 | 18 | 22 | 29 | 28 | 16 | 126 | 145 | 271 |
| 99 | AMARAKKUNY | 11 | 10 | 8 | 15 | 14 | 19 | 17 | 9 | 16 | 15 | 8 | 11 | 75 | 78 | 153 |
| 100 | IRULAM | 13 | 5 | 9 | 12 | 20 | 18 | 6 | 15 | 17 | 15 | 8 | 12 | 75 | 75 | 150 |
| 101 | KABANIGIRI | 9 | 9 | 16 | 15 | 11 | 20 | 24 | 13 | 14 | 13 | 10 | 12 | 69 | 97 | 166 |
| 102 | MARAKAVU | 28 | 37 | 39 | 41 | 41 | 47 | 33 | 47 | 69 | 50 | 29 | 18 | 238 | 241 | 479 |
| 103 | MARAKKADAV | 9 | 11 | 24 | 12 | 15 | 15 | 21 | 10 | 16 | 14 | 9 | 11 | 82 | 85 | 167 |
| 104 | MULLANKOLLY | 55 | 56 | 49 | 55 | 63 | 58 | 55 | 52 | 61 | 63 | 43 | 30 | 316 | 324 | 640 |
| 105 | PADICHIRA | 37 | 33 | 25 | 26 | 34 | 36 | 25 | 31 | 30 | 31 | 28 | 25 | 178 | 183 | 361 |
| 106 | PATTANIKOOP | 11 | 8 | 10 | 21 | 8 | 13 | 11 | 11 | 13 | 15 | 10 | 13 | 75 | 69 | 144 |
| 107 | PULPALLY | 14 | 18 | 20 | 16 | 18 | 29 | 24 | 36 | 21 | 24 | 17 | 16 | 121 | 132 | 253 |
| 108 | SEETHAMOUNT | 13 | 21 | 28 | 25 | 17 | 8 | 19 | 19 | 14 | 14 | 12 | 14 | 99 | 105 | 204 |
| 109 | SISUMALA | 26 | 28 | 25 | 26 | 29 | 33 | 29 | 43 | 25 | 35 | 29 | 28 | 179 | 177 | 356 |
| | | **247** | **253** | **274** | **285** | **297** | **322** | **289** | **304** | **318** | **318** | **231** | **206** | **1633** | **1711** | **3344** |
| | **NADAVAYAL** | | | | | | | | | | | | | | | |
| 110 | ARINCHERMALA | 9 | 17 | 14 | 17 | 11 | 19 | 18 | 22 | 16 | 27 | 16 | 10 | 105 | 91 | 196 |
| 111 | CHERUKATTOOR | 26 | 32 | 37 | 42 | 36 | 50 | 49 | 30 | 48 | 40 | 36 | 28 | 239 | 215 | 454 |
| 112 | CHUNDAKKARA | 33 | 45 | 39 | 47 | 45 | 47 | 47 | 46 | 44 | 50 | 33 | 13 | 248 | 241 | 489 |
| 113 | KALLUVAYAL | 21 | 24 | 21 | 12 | 19 | 31 | 13 | 19 | 18 | 12 | 20 | 12 | 109 | 113 | 222 |
| 114 | KANIYAMBATTA | 3 | 7 | 7 | 6 | 2 | 3 | 0 | 9 | 8 | 8 | 3 | 5 | 35 | 26 | 61 |
| 115 | KENICHIRA | 26 | 16 | 27 | 29 | 26 | 30 | 27 | 25 | 21 | 54 | 15 | 15 | 160 | 151 | 311 |
| 116 | KURUMBALA-KKOTTA | 5 | 8 | 11 | 7 | 10 | 13 | 10 | 5 | 8 | 0 | 0 | 0 | 41 | 36 | 77 |
| 117 | NADAVAYAL | 56 | 57 | 63 | 58 | 61 | 65 | 83 | 86 | 72 | 89 | 83 | 52 | 398 | 427 | 825 |
| 118 | NEIKKUPPA | 3 | 4 | 3 | 9 | 9 | 7 | 4 | 5 | 9 | 12 | 5 | 6 | 36 | 40 | 76 |
| 119 | PARALIKUNNU | 6 | 7 | 3 | 6 | 5 | 8 | 0 | 7 | 7 | 7 | 3 | 4 | 36 | 27 | 63 |
| 120 | PUSHPPAGIRI | 3 | 0 | 3 | 3 | 5 | 0 | 0 | 0 | 0 | 0 | 0 | 0 | 7 | 7 | 14 |
| 121 | VALAVAYAL | 9 | 8 | 2 | 9 | 9 | 12 | 13 | 11 | 11 | 12 | 9 | 8 | 54 | 59 | 113 |
| 122 | VILAMBUKANDAM | 13 | 12 | 21 | 13 | 11 | 15 | 8 | 16 | 12 | 17 | 9 | 11 | 78 | 80 | 158 |
| | | **213** | **237** | **251** | **258** | **249** | **300** | **272** | **281** | **274** | **328** | **232** | **164** | **1546** | **1513** | **3059** |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **NILAMBUR** | | | | | | | | | | | | | | | |
| 123 | CHOKKAD | 5 | 11 | 8 | 10 | 6 | 9 | 8 | 11 | 8 | 8 | 6 | 6 | 47 | 49 | 96 |
| 124 | EDIVANNA | 19 | 20 | 23 | 19 | 16 | 22 | 29 | 33 | 30 | 22 | 17 | 12 | 127 | 135 | 262 |
| 125 | MOOLEPADAM | 7 | 1 | 8 | 3 | 3 | 6 | 0 | 0 | 0 | 0 | 0 | 3 | 12 | 19 | 31 |
| 126 | MUTTIYEL | 4 | 5 | 3 | 2 | 4 | 2 | 2 | 3 | 2 | 10 | 2 | 2 | 21 | 20 | 41 |
| 127 | NILAMBUR | 31 | 33 | 33 | 33 | 33 | 23 | 28 | 39 | 37 | 38 | 17 | 18 | 169 | 194 | 363 |
| 128 | POOKOTTUM PADAM | 13 | 12 | 11 | 11 | 9 | 16 | 10 | 8 | 11 | 12 | 16 | 14 | 70 | 73 | 143 |
| 129 | POOLAPADAM | 14 | 19 | 13 | 13 | 17 | 12 | 13 | 17 | 7 | 19 | 14 | 10 | 91 | 77 | 168 |
| 130 | RUBYNAGAR | 4 | 9 | 5 | 4 | 4 | 6 | 8 | 2 | 5 | 7 | 1 | 4 | 34 | 25 | 59 |
| 131 | THELPARA | 0 | 13 | 9 | 7 | 11 | 14 | 9 | 12 | 5 | 9 | 7 | 8 | 55 | 49 | 104 |
| 132 | T.K.KOLANI | 3 | 0 | 3 | 2 | 8 | 8 | 0 | 0 | 0 | 0 | 0 | 0 | 16 | 8 | 24 |
| 133 | VALLIKETTU | 1 | 3 | 4 | 1 | 7 | 3 | 5 | 2 | 5 | 4 | 3 | 2 | 21 | 19 | 40 |
| 134 | VADAPURAM | 8 | 13 | 6 | 9 | 10 | 12 | 9 | 0 | 0 | 0 | 0 | 0 | 27 | 40 | 67 |
| | | **109** | **139** | **126** | **114** | **128** | **133** | **121** | **127** | **110** | **129** | **83** | **79** | **690** | **708** | **1398** |
| | **PAYYAMPALLY** | | | | | | | | | | | | | | | |
| 135 | APPAPPARA | 6 | 0 | 2 | 1 | 5 | 2 | 2 | 2 | 3 | 3 | 0 | 0 | 12 | 14 | 26 |
| 136 | ARATTUTHARA | 5 | 13 | 18 | 6 | 13 | 16 | 13 | 17 | 13 | 9 | 12 | 3 | 83 | 55 | 138 |
| 137 | BAVALI | 0 | 0 | 1 | 0 | 0 | 1 | 0 | 0 | 2 | 0 | 2 | 0 | 2 | 4 | 6 |
| 138 | EDAYOORKUNNU | 6 | 0 | 0 | 6 | 3 | 0 | 5 | 2 | 0 | 9 | 3 | 0 | 20 | 14 | 34 |
| 139 | KAMMANA | 12 | 16 | 10 | 17 | 13 | 26 | 13 | 10 | 16 | 17 | 11 | 10 | 90 | 81 | 171 |
| 140 | KARTIKULAM | 11 | 9 | 12 | 14 | 12 | 16 | 20 | 21 | 11 | 15 | 15 | 11 | 84 | 83 | 167 |
| 141 | MARTINNAGAR | 26 | 15 | 31 | 30 | 29 | 24 | 36 | 31 | 31 | 24 | 33 | 14 | 160 | 164 | 324 |
| 142 | PADAMALA | 10 | 14 | 11 | 13 | 15 | 10 | 11 | 10 | 15 | 19 | 12 | 12 | 79 | 73 | 152 |
| 143 | PANAVALLY | 2 | 0 | 4 | 0 | 5 | 0 | 4 | 6 | 3 | 0 | 5 | 5 | 15 | 19 | 34 |
| 144 | PAYYAMPALLY | 39 | 42 | 44 | 46 | 44 | 50 | 39 | 40 | 40 | 56 | 26 | 33 | 234 | 265 | 499 |
| 145 | THRISSILERY | 12 | 17 | 10 | 7 | 12 | 10 | 15 | 18 | 9 | 13 | 6 | 4 | 67 | 66 | 133 |
| | | **129** | **126** | **143** | **140** | **151** | **155** | **158** | **157** | **143** | **165** | **125** | **92** | **846** | **838** | **1684** |
| | **THARIODE** | | | | | | | | | | | | | | | |
| 146 | CHENNALOD | 27 | 29 | 24 | 17 | 30 | 31 | 21 | 21 | 30 | 30 | 24 | 23 | 153 | 154 | 307 |
| 147 | KAVUMMANNAM | 11 | 8 | 15 | 17 | 13 | 16 | 16 | 16 | 15 | 21 | 18 | 6 | 96 | 76 | 172 |
| 148 | KOTTATHARA | 17 | 17 | 12 | 12 | 17 | 24 | 32 | 7 | 24 | 26 | 16 | 12 | 105 | 111 | 216 |
| 149 | KURUMANI | 6 | 6 | 14 | 10 | 6 | 13 | 14 | 9 | 8 | 17 | 14 | 8 | 67 | 58 | 125 |
| 150 | KURUMBALA | 16 | 22 | 16 | 24 | 17 | 18 | 28 | 24 | 30 | 25 | 7 | 18 | 122 | 123 | 245 |
| 151 | MANGALAM | 11 | 10 | 7 | 12 | 9 | 6 | 10 | 7 | 10 | 10 | 11 | 4 | 58 | 49 | 107 |
| 152 | MANJOORA | 19 | 11 | 8 | 16 | 9 | 14 | 12 | 7 | 18 | 9 | 9 | 2 | 58 | 76 | 134 |
| 153 | PANTHIPOIL | 2 | 9 | 5 | 2 | 2 | 3 | 1 | 5 | 5 | 5 | 4 | 0 | 18 | 25 | 43 |
| 154 | PUTHUSERY-KKADAV | 9 | 6 | 9 | 13 | 7 | 13 | 9 | 5 | 15 | 10 | 11 | 9 | 52 | 64 | 116 |
| 155 | THARIOD | 25 | 45 | 22 | 27 | 32 | 39 | 28 | 29 | 33 | 38 | 28 | 17 | 192 | 171 | 363 |
| | | **143** | **163** | **132** | **150** | **142** | **177** | **171** | **130** | **188** | **191** | **142** | **99** | **921** | **907** | **1828** |

| | Name of Forane | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Boys | Girls | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Bathery | 174 | 209 | 198 | 197 | 212 | 225 | 210 | 181 | 201 | 200 | 178 | 116 | 1167 | 1134 | 2301 |
| 2 | Chungakunnu | 205 | 224 | 226 | 248 | 298 | 282 | 268 | 272 | 272 | 288 | 206 | 157 | 1463 | 1483 | 2946 |
| 3 | Nilgiri | 96 | 129 | 116 | 119 | 147 | 146 | 140 | 189 | 172 | 197 | 124 | 106 | 837 | 844 | 1681 |
| 4 | Kallody | 187 | 258 | 221 | 249 | 265 | 280 | 280 | 271 | 254 | 257 | 219 | 203 | 1503 | 1441 | 2944 |
| 5 | Kalpetta | 127 | 173 | 158 | 140 | 139 | 185 | 183 | 146 | 147 | 175 | 124 | 102 | 872 | 927 | 1799 |
| 6 | Mananthavady | 218 | 194 | 226 | 251 | 261 | 277 | 266 | 251 | 254 | 268 | 220 | 144 | 1427 | 1403 | 2830 |
| 7 | Manimooly | 138 | 120 | 141 | 151 | 133 | 167 | 142 | 150 | 161 | 177 | 159 | 90 | 897 | 832 | 1729 |
| 8 | Mullankiooly | 247 | 253 | 274 | 285 | 297 | 322 | 289 | 304 | 318 | 318 | 231 | 206 | 1633 | 1711 | 3344 |
| 9 | Nadavayal | 213 | 237 | 251 | 258 | 249 | 300 | 272 | 281 | 274 | 328 | 232 | 164 | 1546 | 1513 | 3059 |
| 10 | Nilambur | 109 | 139 | 126 | 114 | 128 | 133 | 121 | 127 | 110 | 129 | 83 | 79 | 690 | 708 | 1398 |
| 11 | Payyampally | 129 | 126 | 143 | 140 | 151 | 155 | 158 | 157 | 143 | 165 | 125 | 92 | 846 | 838 | 1684 |
| 12 | Thariode | 143 | 163 | 132 | 150 | 142 | 177 | 171 | 130 | 188 | 191 | 142 | 99 | 921 | 907 | 1828 |
| | | **1986** | **2225** | **2212** | **2302** | **2422** | **2649** | **2500** | **2459** | **2494** | **2693** | **2043** | **1558** | **13802** | **13741** | **27543** |

| Teachers | | | | | | Students | | |
|---|---|---|---|---|---|---|---|---|
| *Gents* | *Ladies* | *Sisters* | *Brothers* | *Team* | *Total* | *Boys* | *Girls* | *Total* |
| *757* | *940* | *505* | *26* | *24* | *2252* | *13802* | *13741* | *27543* |

## ഫൊറോന വാർത്തകൾ

### നിലമ്പൂർ ഫൊറോന

11-6-11 ന് നിലമ്പൂർ ഫൊറോന വികാരിയുടെ അധ്യക്ഷതയിൽ, മേഖലാ ഡയറക്ടറുടേയും സാന്നിധ്യത്തിൽ ചേർന്ന ഹെഡ്മാസ്റ്റർമാരുടേയും ടീമംഗങ്ങളുടേയും മീറ്റിംഗിന്റെ സംയുക്തറിപ്പോർട്ട്.

മേഖലയുടെ സെക്രട്ടറിയായിരുന്ന ശ്രീ. ഷാജി പുരയ്ക്കലിന് സെന്റോഫ് നൽകുകയും ഇതുവരെ ചെയ്ത സേവനത്തിന് ഡയറക്ടറും ഫൊറോനാവികാരിയും നന്ദി പറയുകയും ചെയ്തു.

**നിർദ്ദേശങ്ങൾ**

മേഖലയിൽ പൊതുവായി പൊതുവിജ്ഞാനപരീക്ഷ നടത്തുക.

**തീരുമാനങ്ങൾ**

☆ 2011-12 വർഷത്തെ മേഖലാ പ്രസിഡന്റായി ശ്രീ. അഗസ്റ്റിൻ കടുകുമാക്കലിനേയും സെക്രട്ടറിയായി എബി പൊൻപാറയേയും തിരഞ്ഞെടുത്തു.

☆ സെപ്റ്റംബർ 18-25 തീയതികളിൽ മേഖലാ വിസിറ്റ് നടത്തുക.

☆ മേഖലാ അധ്യാപക സംഗമം ഡിസംബർ 10-ന് നിലമ്പൂർ ഫൊറോനപ്പള്ളിയിൽ വെച്ച് നടത്തുക.

☆ ഒക്ടോബർ 2-ന് നിലമ്പൂർ ഫൊറോനയുടെ കീഴിലുള്ള എല്ലാ പള്ളികളിലും Pre-Primary തുടങ്ങാൻ തീരുമാനിച്ചു.

### ചുങ്കക്കുന്ന് ഫൊറോന

26-6-11 കൊട്ടിയൂർ മേഖലയിലെ ഹെഡ്മാസ്റ്റർമാരുടെയോഗം ഡയറക്ടർ റവ.ഫാ. ജോസ് വടയാപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്നു. ഈ വർഷത്തെ മേഖലാ +2 കുട്ടികളുടെ സംഗമം കൊട്ടിയൂർ IJMHSS ൽ സെപ്റ്റംബർ 4 നും, അധ്യാപക സംഗമം സെപ്റ്റംബർ 21 ന് ചുങ്കക്കുന്നിൽ വച്ചും നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് 2010-11 വർഷം മേഖലാതലത്തിൽ നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റുകളും മുണ്ടക്കൽ സ്റ്റീഫൻ മെമ്മോറിയൽ, മേയ്ക്കൽ ഔസേപ്പ് വർക്കി മെമ്മോറിയൽ ക്യാഷ് അവാർഡുകളും വിതരണം ചെയ്തു.

<u>വിജയികൾ</u>

<u>Class V</u>

അൽഫോൻസ നെടിയകാലായിൽ - അടയക്കാത്തോട് 1

ത്രസീന ജ്യോതിസ് വാണിയക്കിഴക്കേൽ - കേളകം 2

<u>Class VI</u>

മേരി മാന്ദാത്ത് - കേളകം 1

മാത്യു ചേന്നാട്ട് - അടയ്ക്കാത്തോട് 2

Class VIII

മരിയ കാതറിൻ കാഞ്ഞരത്തുങ്കൽ - കൊട്ടിയൂർ 1

ആൻസിലിൻ മണിയാക്കുപാറയിൽ - ചുങ്കക്കുന്ന് 2

Class IX

മരീന പടിയാനിക്കൽ - അമ്പായത്തോട് 1

എലിസബത്ത് നരീമറ്റത്തിൽ - ചുങ്കക്കുന്ന് 2

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ അധ്യാപകരുടെ പഠനസംഗമം ജൂലൈ 10-ാം തീയതി മാനന്തവാടി ടൗൺ പള്ളിയിൽ സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. ഫൊറോനാ ഡയറക്ടർ റവ.ഫാ. തോമസ് മണക്കുന്നേൽ സ്വാഗതവും സെക്രട്ടറി ശ്രീ. തോമസ് ചെമ്മരപ്പള്ളിൽ നന്ദിയും അർപ്പിച്ചു. കത്തീഡ്രൽ വികാരി റവ. ഫാ. ജോർജ് മൈലാടൂർ, ടൗൺപള്ളി വികാരി റവ.ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ, പേരിയ ഇടവക വികാരി റവ.ഫാ. മാർട്ടിൻ പുതുശ്ശേരി എന്നിവർ സന്നിഹിതരായിരുന്നു.

മാനന്തവാടി ഫൊറോന V, VI, VIII, IX ക്ലാസുകൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിലെ വിജയികൾ.

Class V

I നിർമ്മൽ കളമ്പുകാട്ട് - ടൗൺപള്ളി

II എയ്ഞ്ചൽ മരിയ പുള്ളോലിക്കൽ - തലപ്പുഴ

III എമിൻ മട്ടുമ്മേൽ - ആലാറ്റിൽ

Class VI

I ത്രേസ്യ നരിക്കുഴ - യവനാർകുളം

II ഉഷസ്സ് വടക്കേടത്ത്പുത്തൻപുരയിൽ - പ്രശാന്തഗിരി

III സച്ചിൻ മറ്റത്തിലാനി - പോരൂർ

Class VIII

I നീതു കൈതയ്ക്കൽ - തവിഞ്ഞാൽ

II അലിന്റ ചെമ്മരപ്പള്ളിൽ - ടൗൺപള്ളി

II അഞ്ജലി കുളങ്ങര - മുതിരേരി

III ഷാരോൺ മരോട്ടിക്കൽ - പോരൂർ

Class IX

I അമലിൻമരിയ വടക്കേടത്ത്പുത്തൻപുരയിൽ - കണിയാരം

II ജോസ്‌ലിയ പാലത്തുംതലയ്ക്കൽ - മുതിരേരി

III അഞ്ജു മുട്ടംതോട്ടിൽ - ടൗൺപള്ളി

III അഷിത നെല്ലിക്കാട്ടിൽ - ടൗൺപള്ളി

**ഫാ. ബെന്നി മുതിരക്കാലായിൽ**

മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

Logos 2011 registration ends on 10th August, not on 31st July (more time is alloted by KCBC Bible Society). You have to submit the manually filled forms and registration fees to the diocesan office (Nilambur, Manimooly and Nilgiris to the respective Forane Family Apostolate directors) on or before 10th August. So please prepare a photocopy of the list, so that you can enter the names till 25th August; but it must be identical to the list submitted earlier on 10th August. Wishing you all the choicest blessings from the Risen Lord.

**മാതൃകാചോദ്യങ്ങൾ**

**1 പത്രോസ് 01–05**

01. യേശുക്രിസ്തുവിന്റെ അപ്പസ്തോലനും, പിതാവായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനുമായ വ്യക്തിയാര്? (01:02)
    (a) വി. പൗലേസ്, (b) വി. പത്രോസ്, (c) വി. യോഹന്നാൻ, (d) വി. യാക്കോബ്.
02. അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തെക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. ലേഖനത്തിൽ ഉദ്ധരിച്ചിരിക്കുന്നത് എവിടെയാണ്? (01:07)
    (a) 1 പത്രോസ് 1:9, (b) 1 പത്രോസ് 1:6, (c) 1 പത്രോസ് 1:7, (d) 1 പത്രോസ് 1:5.
03. നിങ്ങൾ ഒരുങ്ങി സമചിത്തതയുള്ളവരായിരിക്കുവിൻ. എങ്ങനെയാണ് ഒരുങ്ങേണ്ടത്? (01:13)

(a) ശാരീരികമായി, (b) ആദ്ധ്യാത്മികമായി, (c) മാനസികമായി, (d) ഭൗതീകമായി.

04. മനുഷ്യർ തിരസ്കരിച്ചതും ദൈവം തിരഞ്ഞെടുത്തതുമായ അമൂല്യ ശിലയാരാണ്? (02:03-04)
(a) വി. പത്രോസ്, (b) വി. പൗലോസ്, (c) പുരോഹിതൻ, (d) കർത്താവ്.

05. നന്മ പ്രവർത്തിച്ചുകൊണ്ട് നിങ്ങൾ മനുഷ്യരുടെ അജ്ഞതയെ നിശബ്ദമാക്കണം. ഏതു തരത്തിലുള്ള മനുഷ്യരുടെ? (02:15)
(a) അധികാരികളുടെ, (b) രാജാവിന്റെ, (c) മൂഢരായ മനുഷ്യരുടെ, (d) അജ്ഞരായ മനുഷ്യരുടെ.

06. 'നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി; എന്തിന്? (02:24)
(a) നാം പാപത്തിന് മരിച്ചു നീതിക്കായി ജീവിക്കേണ്ടതിന്,
(b) അവന്റെ മുറിവിനാൽ നാം സൗഖ്യമുള്ളവരാക്കപ്പെടേണ്ടതിന്,
(c) നീതിയോടെ വിധിക്കുന്നവന് തന്നെത്തന്നെ ഭരമേൽപ്പിക്കുന്നതിന്, (d) ഇടയനും പാലകനുമായവന്റെ അടുത്തേക്ക് മടങ്ങിവരുന്നതിന്.

07. നന്മ ചെയ്യുകയും ഒന്നിനെയും ഭയപ്പെടാതിരിക്കുകയും ചെയ്താൽ നിങ്ങൾ ആരുടെ മക്കളാകും? (03:06)
(a) സാറായുടെ, (b) ദൈവത്തിന്റെ, (c) അബ്രാഹത്തിന്റെ,
(d) ദൈവത്തിൽ പ്രത്യാശയുള്ള വി. സ്ത്രീകളുടെ.

08. 'ജീവിതത്തെ സ്നേഹിക്കുകയും നല്ല ദിവസങ്ങൾ കാണാൻ ആഗ്രഹിക്കുകയും ചെയ്യുന്നവൻ ; - - എന്താണ് ചെയ്യേണ്ടത്? (03:10)
(a) സമാധാനം അന്വേഷിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുക, (b) തിന്മയിൽ നിന്ന് പിൻതിരിഞ്ഞു നന്മ ചെയ്യുക,
(c) ഹൃദയ ഐക്യവും അനുകമ്പയും ഉള്ളവരായിരിക്കുക,
(d) തിന്മയിൽ നിന്ന് തന്റെ നാവിനെയും വ്യാജം പറയുന്നതിൽ നിന്ന് തന്റെ അധരത്തെയും നിയന്ത്രിക്കുക.

09. 'ക്രിസ്തുതന്നെയും പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു; അതു നീതിരഹിതർക്കുവേണ്ടിയുള്ള നീതിമാന്റെ മരണമായിരുന്നു; എന്തിനുവേണ്ടി? (03:18)
(a) ആത്മാവോടുംകൂടെ ചെന്ന് ബന്ധനസ്ഥരായ ആത്മാക്കളോട് സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടി, (b) ശരീരത്തിൽ മരിച്ച്

ആത്മാവിൽ ജീവൻ പ്രാപിച്ചുകൊണ്ട് നിങ്ങളെ ദൈവസന്നിധിയിലെത്തിക്കുന്നതിനുവേണ്ടി, (c) നോഹിന്റെ കാലത്ത് പെട്ടകത്തിൽ ഉണ്ടായിരുന്നവർക്ക് ജ്ഞാനസ്നാനം നൽകാൻ വേണ്ടി, (d) ശുദ്ധമനസാക്ഷിക്കായി യേശുക്രിസ്തുവിന്റെ ഉത്ഥാനംവഴി പ്രാർത്ഥിക്കുവാൻ വേണ്ടി.

10. മരിച്ചവരോടുപോലും സുവിശേഷം പ്രസംഗിക്കപ്പെട്ടത്, എന്തിന്? (04:06)

(a) ശരീരത്തിൽ മനുഷ്യരെപ്പോലെ വിധിക്കപ്പെട്ടെങ്കിലും ആത്മാവിൽ ദൈവത്തെപ്പോലെ ജീവിക്കുന്നതിനുവേണ്ടി, (b) ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാതിരിക്കുന്നവന്റെ മുമ്പിൽ കണക്കു കൊടുക്കുന്നതിനുവേണ്ടി, (c) ജീവിക്കുന്നിടത്തോളം കാലം മാനുഷിക വികാരങ്ങൾക്ക് അടിമപ്പെടാതെ, ദൈവഹിതത്തിനൊത്തു ജീവിക്കുന്നതിനുവേണ്ടി, (d) സകലത്തിന്റെയും അവസാനം സമീപിച്ചിരിക്കുന്നതിനാൽ പാപത്തോടുവിടവാങ്ങുന്നതിനുവേണ്ടി.

11. ഓരോരുത്തനും തനിക്കുകിട്ടിയ ദാനത്തെ മറ്റെല്ലാവർക്കുംവേണ്ടി ഉപയോഗിക്കേണ്ടത് എങ്ങനെ? (04:10)

(a) ദൈവത്തിന്റെ അരുളപ്പാടു നൽകുന്നവനെപ്പോലെ, (b) ദൈവത്തിൽ നിന്നുള്ള ശക്തികൊണ്ട് ശുശ്രൂഷിക്കുന്നവനെപ്പോലെ, (c) സ്നേഹത്തോടെ ആതിഥ്യമര്യാദ പാലിക്കുന്നവനെപ്പോലെ, (d) ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെപ്പോലെ.

12. 'ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തട്ടെ. എന്തെന്നാൽ, വിധിയുടെ സമയം സമാഗതമായിരിക്കുന്നു; വിധി ആരംഭിക്കുന്നത് എവിടെയാണ്? (04:17)

(a) ദൈവാത്മാവ് വസിക്കുന്നവരിൽ നിന്ന്, (b) നമ്മിൽ നിന്ന്, (c) ദൈവത്തിന്റെ ഭവനത്തിൽ നിന്ന്, (d) നീതിമാന്മാരായ ക്രിസ്ത്യാനികളിൽ നിന്ന്.

13. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ നിങ്ങൾക്ക് ലഭിക്കുന്നതെന്ത്? (05:04)

(a) അജഗണത്തിന്റെമേൽ ആധിപത്യം, (b) അജഗണത്തെ പരിപാലിക്കുവാനുള്ള അധികാരം, (c) മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം, (d) വെളിപ്പെടാനിരിക്കുന്ന മഹത്വത്തിൽ പങ്ക്.

14. ക്രിസ്തുവിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അല്പകാലത്തെ സഹനത്തിനുശേഷം എന്താണ് ചെയ്യുക? (05:10)
(a) തന്റെ നിത്യമഹത്വത്തിൽ പങ്കുകാരാക്കും, (b) പൂർണ്ണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും, (c)വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരാക്കും, (d) ശത്രുവായ പിശാചിനെ എതിർക്കുവാൻ വിധം ശക്തരാക്കും.

15. വിശ്വസ്ത സഹോദരനായി പത്രോസ് കണക്കാക്കുന്ന സിൽവാനോസു വഴി എഴുതുന്നതിന്റെ ഉദ്ദേശ്യമെന്താണ്? (05:12)
(a) ദൈവകൃപ സത്യമായിട്ടുള്ളതാണെന്ന് ഉപദേശിക്കാനും സാക്ഷ്യപ്പെടുത്താനും, (b) തിരഞ്ഞെടുക്കപ്പെട്ടവർക്ക് വന്ദനം പറയാൻ, (c) പരസ്പരം അഭിവാദനം ചെയ്യാൻ, (d) ക്രിസ്തുവിൽ സമാധാനം ആശംസിക്കാൻ.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് പ്രവർത്തകരെ,

സീറോമലബാർ സഭ, പ്രേഷിത വർഷമായിട്ടാണ് ഈ വർഷം ആചരിക്കുന്നതെന്ന് നമുക്കറിയാം. ആഗസ്റ്റ് 15-നാണ് പ്രേഷിതവർഷം ഔദ്യോഗികമായി ആരംഭിക്കുന്നത്. കേരളത്തിന് പുറത്ത് ആദ്യമായി ആരംഭിച്ച മിഷൻരൂപതയായ ഛാന്ദാ രൂപത സ്ഥാപിതമായിട്ട് 50 വർഷം തികയുന്നു എന്നതാണ് പ്രേഷിത വർഷമായിട്ട് പ്രഖ്യാപിക്കാൻ പ്രേരകമായത്. "ഭൂമിയുടെ അതിർത്തികൾവരെ നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (അപ്പ. 1-8) എന്നതാണ് പ്രേഷിതവർഷത്തിന്റെ ആദർശവാക്യം. മിഷൻലീഗ് അംഗങ്ങളായ നമ്മൾ കൂടുതൽ പ്രേഷിത തീഷ്ണതയോടെ പ്രവർത്തിക്കേണ്ട വർഷമാണിത്. പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി നമ്മൾ തീഷ്ണതയോടെ പ്രാർത്ഥിക്കണം. "അമ്മയോടൊപ്പം പ്രേഷിതവീഥിയിൽ" എന്ന ഒരുകോടി ജപമാല സമാഹരണത്തിന് ഒരു ദിവസം ഒരു ജപമാല ചൊല്ലി നമുക്കും പങ്കുചേരാം. പലതുള്ളി എന്ന പേരിൽ ഒരു മിഷൻലീഗ് അംഗം ഒരു വർഷം ഒരു രൂപ എങ്കിലും മിഷനെ സഹായിക്കുന്നതിനായി നൽകുന്ന പരിപാടിയിൽ നമുക്കും ആത്മാർത്ഥമായി പങ്കുചേരാം.

ആഗസ്റ്റ് 4 വിയാനി പുണ്യവാളന്റെ തിരുനാൾ നമ്മൾ ആചരിക്കുകയാണല്ലോ. ഇടവക വൈദീകരുടെ മദ്ധ്യസ്ഥനായ വിയാനി പുണ്യവാളന്റെ തിരുനാൾ ദിനത്തിൽ നമ്മുടെ വികാരിയച്ചൻമാരെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കണം. അവരെ ആദരിക്കണം. എല്ലാവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ നേരുന്നു.

ഒത്തിരി സ്നേഹത്തോടെ,

**സോണിയച്ചൻ**

## ശാഖാ ജോ. ഡയറക്ടേഴ്സ് സംഗമം

ജൂലൈ 9-ാം തീയതി ശനിയാഴ്ച ദ്വാരക യു.പി. സ്കൂളിൽ വെച്ച് ശാഖാ ജോ.ഡയറക്ടേഴ്സ് സംഗമം നടന്നു. മാറ്റൊലി അസി. ഡയറക്ടർ റവ.ഫാ. ജെയ്സ് ചെട്ട്യാശ്ശേരി സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. മനോജ് കാക്കോനാൽ, റവ.സി. ലിസ അലക്സ് SKD, ജോൺസൻ ചിറായിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. കുമാരി ദിൽന കാവനമാലിൽ നന്ദി പറഞ്ഞു.

## പ്രേഷിത് 2011 പയ്യംമ്പള്ളി മേഖല

പയ്യംമ്പള്ളി മേഖലയിൽ പ്രേഷിത് 2011 ശാഖാ സന്ദർശനവും സെമിനാറും നടത്തപ്പെട്ടു. സന്ദർശനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത വികാരിയച്ചൻമാരേയും ശാഖാഭാരവാഹികളെയും നന്ദിപൂർവ്വം സ്മരിക്കുന്നു. വിവിധ ശാഖകളിൽ സന്ദർശനം നടത്തിയവർ- പയ്യംമ്പള്ളി - രഞ്ജിത്ത് മുതുപ്ലാക്കൽ, സി. ഡാനി മരിയ SABS, അപ്പപ്പാറ- സി. വിനീത SH, പനവല്ലി -സി. സ്റ്റെയ്സി SH, കാട്ടിക്കുളം-സി. ഡാനി മരിയ SABS, കമ്മന- ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, ആറാട്ടുതറ-സജി വേങ്ങത്തടത്തിൽ, മാർട്ടിൻനഗർ-ഷാജു പി. ജെയിംസ്, സി. പ്രശാന്തി MSMI, ഇടയൂർകുന്ന് - സി. തെരേസ് SABS, തൃശിലേരി - സി. ഫൗസ്റ്റ CMC, ദിൽന കാവനമാലിൽ, പടമല - സി. ലിസ SKD, ശാഖാ സന്ദർശനത്തിന് നേതൃത്വം നൽകിയ എക്സിക്യൂട്ടീവ് ടീം അംഗങ്ങളെ ഒത്തിരി നന്ദിയോടെ സ്മരിക്കുന്നു.

## മണിമൂളി, നിലമ്പൂർ റീജിയൻ കൗൺസിലും മാനേജിംഗ് കമ്മിറ്റിയും ജോ. ഡയറക്ടേഴ്സ് സംഗമവും

ജൂലൈ 17-ാം തീയതി ഞായറാഴ്ച മണിമൂളി പാസ്റ്ററൽ സെന്ററിൽ വെച്ച് മണിമൂളി, നിലമ്പൂർ മേഖലകളിലെ ശാഖാഭാരവാഹികളുടെ സംഗമവും ക്ലാസും നടത്തപ്പെട്ടു. സിഞ്ചെല്ലൂസ് വെരി. റവ.ഫാ. ജോസ് തേക്കനാടി സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതമാശംസിച്ചു. റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ ശാഖാഭാരവാഹികൾക്കായി ക്ലാസെടുത്തു. റവ.ഫാ. ബിനോയി കാശാംകുറ്റിയിൽ, റവ.ഫാ. അഗസ്റ്റ്യൻ കല്ലുങ്കത്തറ, സി. ലിസ അലക്സ് എന്നിവർ ആശംസകളർപ്പിച്ചു. രൂപതാ സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ സംഗമത്തിന് നന്ദി പറഞ്ഞു.

## വീഥി 2011

ശാഖാഭാരവാഹികൾക്കായി മേഖലാതലത്തിൽ നടത്തുന്ന അർദ്ധദിന സെമിനാർ വീഥി 2011 ഗൂഡല്ലൂർ, കല്ലോടി, മാനന്തവാടി, ബത്തേരി, കൽപ്പറ്റ, പുൽപ്പള്ളി, നടവയൽ മേഖലകളിൽ നടന്നു. റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, ബിനു മാങ്കൂട്ടത്തിൽ, രഞ്ജിത്ത് മുതുപ്ലാക്കൽ, സജി വേങ്ങത്തടത്തിൽ, ഡോളി പാറേക്കുടിയിൽ, റവ.ഫാ. സോണി വടയാപറമ്പിൽ, ജോസ് മുണ്ടിയാനി എന്നിവർ വീഥി 2011 ന് നേതൃത്വം നൽകി.

## ശാഖാ പ്രസിഡന്റ് സെക്രട്ടറി മീറ്റിംഗ്

ശാഖാ പ്രസിഡന്റ് സെക്രട്ടറിമാരുടെ സംഗമം ഓഗസ്റ്റ് 20 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. എല്ലാ ശാഖാ പ്രസിഡണ്ടുമാരും സെക്രട്ടറിമാരും സംഗമത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## രൂപതാ സാഹിത്യമത്സരം

ഓഗസ്റ്റ് 14 ഞായറാഴ്ച രൂപതാ സാഹിത്യമത്സരം നടത്തപ്പെടുകയാണ്. മേഖലാ കേന്ദ്രങ്ങളിൽ വെച്ചാണ് സാഹിത്യമത്സരം നടത്തുന്നത്. ശാഖാഭാരവാഹികൾ ശാഖയിൽ നിന്നും എല്ലാ ഇനത്തിനും മത്സരത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## കുഞ്ഞേട്ടന്റെ രണ്ടാംചരമവാർഷികം

ആഗസ്റ്റ് 11-ാം തീയതി മിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ രണ്ടാം ചരമവാർഷികമാണ്. ശാഖകളിൽ അനുസ്മരണ മീറ്റിംഗുകളും പ്രാർത്ഥനയും നടത്തേണ്ടതാണ്.

## വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ

ഓഗസ്റ്റ് 4 ഇടവകവൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാണ്. ശാഖകളിൽ ഇടവകാ വൈദികർക്ക് ആശംസകൾ നേരുകയും പ്രോഗ്രാമുകൾ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

## കുഞ്ഞേട്ടൻ സ്കോളർഷിപ്പ്

കുഞ്ഞേട്ടൻ സ്കോളർഷിപ്പിനുവേണ്ട അപേക്ഷാഫോം, മാർക്ക് ലിസ്റ്റിന്റെ കോപ്പിയും, വികാരിയച്ചന്റെ കത്തും എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## തിരുബാലസഖ്യം മാർഗ്ഗരേഖ

തിരുബാലസഖ്യം മാർഗ്ഗരേഖ ജോ.ഡയറക്ടേഴ്സ് സംഗമത്തിന്

വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയനുസരിച്ച് പ്രോഗ്രാമുകൾ ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മിഷൻഞായർ പിരിവ് തന്ന ശാഖകൾ**

മച്ചിക്കൊല്ലി-100, പേരിയ-150, ഞാറപ്പാടം-500, നിലമ്പൂർ-1500, വള്ളിക്കെട്ട്-100.

**കാണിക്ക തന്നശാഖകൾ**

തൃശ്ശിലേരി-150, തേൾപ്പാറ-300, ഇടിവണ്ണ-300, ഒലിവുമല-100, വെള്ളമുണ്ട-120, ചാരിറ്റി-100, അമ്പായത്തോട്-200, കല്ലുമുക്ക്-50, അപ്പപ്പാറ-60, നെയ്ക്കുപ്പ-50, ദീപ്തിഗിരി-200, കല്ലോടി-750, കണിയാമ്പറ്റ-100, ചെറുകാട്ടൂർ-100, പൂക്കോട്ടുംപാടം-102, നിലമ്പൂർ-750, ചോക്കാട്-150.

**മേഖലാവാർത്തകൾ**

**തരിയോട് മേഖല**

മേഖല മാനേജിംഗ് കമ്മറ്റി കൂടി. വീഥി 2011 തരിയോട് മേഖലയിൽ നടന്നു. റവ.ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, റവ.ഫാ. സോണി വടയാപറമ്പിൽ, സി. ലിസ അലക്സ് എസ്.കെ.ഡി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. മേഖലാ ഭാരവാഹികൾക്കും രൂപതാ ഭാരവാഹികൾക്കും നന്ദി അറിയിക്കുന്നു.

**കൊട്ടിയൂർ മേഖല**

വീഥി 2011 കൊട്ടിയൂർ മേഖലയിൽ നടന്നു. പുതിയ ഡയറക്ടറായിരിക്കുന്ന സജി അച്ചനും, പുതിയ ജോ. ഡയറക്ടറായിരിക്കുന്ന സി. ബിൻസി എസ്.എച്ച്. നും പുതിയ പ്രവർത്തനവർഷത്തിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

**ശാഖാ വാർത്തകൾ**

*ദീപ്തിഗിരി, ഒഴുക്കൻമൂല :-* എന്നീ ശാഖകളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

*കൽപ്പറ്റ :-* ഗവൺമെന്റ് ആശുപത്രിയിൽ ഭക്ഷണം നൽകി.

*പുതിയിടംകുന്ന്, നെയ്ക്കുപ്പ, പുഴമുടി, പട്ടാണിക്കൂപ്പ്, പറളിക്കുന്ന് :-* എന്നീ ശാഖകളിൽ ബൈബിൾ ഞായർ ആഘോഷിച്ചു.

*നടവയൽ :-* സാഹിത്യമത്സര പരിശീലനം നൽകി.

*കേണിച്ചിറ :-* വചനകൂടാരം നിർമ്മിച്ചു.

*മരകാവ്, ആലാറ്റിൽ :-* എന്നീ ശാഖകൾ സിമിത്തേരി സന്ദർശനവും സിമിത്തേരി വൃത്തിയാക്കലും നടത്തി.

*തരിയോട് :-* അമ്മയോടൊപ്പം പ്രേഷിത വീഥിയിൽ ജപമാല സമാഹരണം ആരംഭിച്ചു.

*വഞ്ഞോട്:-* സരസുവിന് 300 രൂപയും 10 കിലോ അരിയും സഹായമായി നൽകി.

*കൊട്ടിയൂർ:-* ശാഖ കൗൺസിലും തിരഞ്ഞെടുപ്പും നടത്തി.

*പുൽപ്പള്ളി:-* കാഴ്ച സമർപ്പണം നടത്തിയ സാധനങ്ങൾ നടവയൽ ഗൊരേത്തി ബാലഭവനിൽ നൽകി.

*ചുങ്കക്കുന്ന്:-* വിദ്യാരംഭം കുറിച്ചു.

*മാർട്ടിൻനഗർ:-* ഹോസ്പിറ്റൽ സന്ദർശനം നടത്തി.

*തവിഞ്ഞാൽ:-* മന്ത്രി പി.കെ. ജയലക്ഷ്മിക്ക് സി.എം.എൽ അംഗങ്ങൾ സ്വീകരണം നൽകി, ശാഖയിലെ വൈദീകരുടെയും സന്യസ്തരുടെയും സംഗമം നടത്തി.

*പുതുശ്ശേരിക്കടവ്:-* പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള പ്രബന്ധരചനാ മത്സരത്തിൽ സമ്മാനാർഹരായവർക്ക് ക്യാഷ് അവാർഡ് നൽകി.

*ചാരിറ്റി:-* രോഗീസന്ദർശനം നടത്തി.

*ചൂരൽമല, തൃശിലേരി, വാകേരി:-* എന്നീ ശാഖകൾ ഏകദിന സെമിനാർ നടത്തി.

*നെല്ലിയോടി, കടൽമാട് :-* പള്ളിയും പരിസരവും വൃത്തിയാക്കി.

*കൊളവയൽ, വൈത്തിരി:-* വചനവൃക്ഷം ഉണ്ടാക്കി.

*കരിമ്പിൽ:-* Sunday Star നെ തെരഞ്ഞെടുത്തു.

*നിരവിൽപ്പുഴ:-* ബൈബിൾ വാക്യപഠന മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം കിട്ടിയവർക്ക് സമ്മാനം നൽകി.

*ഒലിവുമല:-* സ്നേഹഭവൻ സന്ദർശിച്ച് 2000 രൂപയും വസ്ത്രങ്ങളും ഒരു ചാക്ക് അരിയും നൽകി.

*ആടിക്കൊല്ലി:-* ഏകദിന പ്രസംഗ പരിശീലന ക്യാമ്പ് നടത്തി.

*കേളകം:-* ബൈബിൾ ക്വിസ് നടത്തി.

*പുതുശ്ശേരി:-* വൈദിക വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

*ഏലപ്പീടിക:-* പാവപ്പെട്ട ഒരു വിദ്യാർത്ഥിക്ക് ബാഗ് നൽകി.

*കൊമ്മയാട്:-* അഖണ്ഡ ബൈബിൾ പാരായണം നടത്തി.

*പനവല്ലി:–* സി. ആനി ടോം എസ്.എച്ച്. ന് യാത്രയയപ്പ് നൽകി.

*കല്ലോടി:–* പഠനോപകരണങ്ങൾ വിതരണം ചെയ്തു.

*പ്രശാന്തഗിരി:–* പള്ളിപരിസരത്ത് ചെടികൾ നട്ടു.

*തോമാട്ടുചാൽ:–* ഏകദിന ധ്യാനം നടത്തി.

*കുഞ്ഞോം:–* 1000 രൂപ ഒരു രോഗിക്ക് സഹായം നൽകി.

*പൂളപ്പാടം:–* ബൈബിൾ വിതരണം ചെയ്തു.

*പടമല:–* മിഷനുവേണ്ടി ആരാധന നടത്തി പ്രാർത്ഥിച്ചു.

*തെനേരി:–* അർദ്ധദിന സെമിനാർ നടത്തി.

*മീനങ്ങാടി:–* വിൻസെൻഷ്യൻ ബാലഭവൻ സന്ദർശിച്ചു.

*വൈത്തിരി:–* മിഷൻലീഗ് അംഗങ്ങൾക്ക് പ്രസംഗ മത്സരം നടത്തി.

പ്രിയമുള്ളവരെ,

ശാഖാ മേഖലാ രൂപതാ മാർഗ്ഗരേഖകൾ ശ്രദ്ധിച്ച് പ്രവർത്തനങ്ങൾ ക്രമീകരിച്ച് ശാഖാതലത്തിൽ പ്രോഗ്രാമുകൾ സജീവമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. ശാഖാ മേഖലാ കലാ സാഹിത്യമത്സരങ്ങൾ നടത്തേണ്ട ദിവസങ്ങളാണ് ഇനിവരുന്നത്. മത്സരത്തിൽ എല്ലാ ഇനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും വേണ്ട പരിശീലനം നൽകി പങ്കെടുപ്പിക്കേണ്ടതാണ്. എല്ലാവർക്കും പ്രാർത്ഥനാശംസകൾ നേർന്നുകൊണ്ട്

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളെ,

സമാഗതമാകുന്ന സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരത സ്വാതന്ത്ര്യദിനത്തിന്റെയും പ്രാർത്ഥനാശംസകൾ നേരുന്നു. ആത്മീയവും ഭൗതീകവുമായ സ്വാതന്ത്ര്യം ഒരുപോലെ അനുഭവിച്ച പരി. കന്യക തനിക്കു നൽകപ്പെട്ട സ്വാതന്ത്ര്യം മുഴുവൻ ദൈവേഷ്ടത്തിനായി സമർപ്പിച്ചവൾ - അവൾ നമുക്ക് മാതൃകയാകട്ടെ. ആധുനിക ലോകത്തിൽ ജീവിക്കുന്നവരായ നാം ഇന്നും പലതിന്റെയും അടിമകളാണ്, അല്ലെങ്കിൽ മറ്റു പലതുമാണ് നമ്മെ നിയന്ത്രിക്കുന്നത് എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഫുട്ബോൾ താരങ്ങളെപ്പോലെ മുടിവെട്ടി നടക്കുന്നവർ സ്വന്തമായ ഇഷ്ടമല്ല നിറവേറ്റുന്നത്. ലോ വെയ്റ്റ് ജീൻസും ടൈറ്റ് ബനിയനുമൊക്കെ ധരിച്ചു നടക്കുമ്പോഴും നാം മറ്റുള്ളവരാൽ നിയന്ത്രിക്കപ്പെടുകയാണ്. ഗുണമേൻമ നോക്കാതെ പരസ്യത്തിൽ ആകൃഷ്ടരായി നാം ഓരോന്നും വാങ്ങുമ്പോഴും നമ്മെ നിയന്ത്രിക്കുന്നത് നമ്മുടെ മനസ്സല്ല മറ്റുപല കുത്തക കമ്പനികളുമാണ് എന്ന് വരുന്നു. മൊബൈൽ കമ്പനികളുടെ പരസ്യം കണ്ട് കൂടെ കൂടെ Sim ഉം ഫോണും മാറ്റി നടക്കുമ്പോഴും നമ്മെ നിയന്ത്രിക്കുന്നത് നാമല്ല. അങ്ങനെ നോക്കുമ്പോൾ നാം മറ്റെന്തിന്റെയൊക്കെയോ അടിമകളാണ് എന്ന് പറയാം. ഇതിൽനിന്ന് നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കേണ്ടത് സത്യമാണ് എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. സത്യം ദൈവമാണ്. ദൈവം നൽകുന്ന സ്വാതന്ത്ര്യം അതാണ് ഏറ്റവും വലിയ സ്വാതന്ത്ര്യം. ആ സ്വാതന്ത്ര്യത്തിന് ഉടമകളാകാൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

ടോമിയച്ചൻ

## വന്യമൃഗ ശല്യത്തിനെതിരെ

പുൽപ്പള്ളി പ്രദേശത്തെ വന്യമൃഗ ശല്യത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25-6-11 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയും പുൽപ്പള്ളി മേഖലയും സംയുക്തമായി ധർണ്ണയും റേഞ്ച് ഓഫീസ് മാർച്ചും നടത്തി. കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കര ധർണ്ണ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ, പുൽപ്പള്ളി മേഖലാ ഡയറക്ടർ റവ.ഫാ. ജിമ്മി ഓലിക്കൽ, രൂപതാ പ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ, ശ്രീ. ജോസ് പള്ളത്ത്, ശ്രീ. ബിജു മാത്യു അരീക്കാട്ട്, ജന.സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ, രൂപതാ സെക്രട്ടറി ശ്രീ. ആന്റണി മങ്കടപ്ര, മേഖലാ ആനിമേറ്റർ സി. ലിസ്സി ജോസ് SCV, മേഖലാ സെക്രട്ടറി ശ്രീ. ലിവിജു അമ്പലത്തറ തുടങ്ങിയവർ പ്രസംഗിച്ചു. രൂപതാ മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

## ആനിമ - 2011

ജൂലൈ 9-ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതയിലെ യൂണിറ്റ്, മേഖല, രൂപത ആനിമേറ്റർമാരുടെ സംഗമം നടന്നു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണം നടത്തുകയും സീയോൻ ഡയറക്ടർ റവ.ഫാ. ബാബു പാറയിൽ ഉദ്ഘാടനം നടത്തുകയും ചെയ്തു. കെ.സി.വൈ.എം. ന്റെ മുൻ സംസ്ഥാന ആനിമേറ്ററും SH സന്യാസിനി സമൂഹത്തിന്റെ വൈസ് പ്രൊവിൻഷ്യലുമായ സി. ആൻസിപോൾ ക്ലാസ് നയിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

## അർദ്ധവാർഷിക സെനറ്റ്

മാനന്തവാടി രൂപത കെ.സി.വൈ.എം. ന്റെ അർദ്ധവാർഷിക സെനറ്റ് ദ്വാരക യു.പി.സ്കൂളിൽ വച്ച് 16-7-11 ന് നടന്നു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ദ്വാരക അൽഫോൻസാപള്ളി വികാരി റവ.ഫാ. ജോയി തുരുത്തേൽ വചന പ്രതിഷ്ഠ നടത്തിയതോടുകൂടി യോഗം ആരംഭിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണം നടത്തുകയും പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. ഡെന്നീസ് കഴുതാടിയിൽ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് വിവിധ മേഖലകൾ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. രൂപതാ ജന.സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ രൂപതാ റിപ്പോർട്ട് സെനറ്റിൽ അവതരിപ്പിച്ചു. സെനറ്റ് റിപ്പോർട്ടിന് അംഗീകാരം

നൽകി. രൂപത അർദ്ധവാർഷിക സെനറ്റിന് ഭാരവാഹികളായ ആന്റണി മങ്കടപ്ര, ശ്രുതി നെടുങ്ങാട്ടുകുടിയിൽ, ജിതേഷ് മുളക്കക്കുന്നേൽ, എന്നിവർ നേതൃത്വം നൽകി. സെനറ്റിൽ വച്ച് വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സൻസി പൊട്ടയിലിന് പ്രാർത്ഥനാശംസകൾ നേരുന്നു.

## സുരക്ഷാവലയം യുവജനചങ്ങല

സ്വതന്ത്ര ഭാരത്തിന്റെ കാവലാകാൻ യുവജനങ്ങൾ കൈകോർക്കുന്നു. അഴിമതി, അക്രമം, തീവ്രവാദം എന്നിവക്കെതിരെയും "ലഹരിവിമുക്ത യുവത്വം" എന്ന ലക്ഷ്യത്തിനു വേണ്ടിയുമുള്ള പ്രതിജ്ഞകൾ ചെല്ലിക്കൊണ്ട് യുവജനങ്ങൾ മാനന്തവാടിയിൽ ചങ്ങല തീർക്കുന്നു. കെ.സി.വൈ.എം. ലെ എല്ലാ അംഗങ്ങളും മാനന്തവാടി ടൗൺ ചർച്ചിൽ ഓഗസ്റ്റ് 13 ശനിയാഴ്ച 2.00 p.m. ന് എത്തിച്ചേരുന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

## PEARL - 2011 കലാസാഹിത്യ മത്സരങ്ങൾ

ഈ വർഷത്തെ രൂപതാ PEARL സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 21-ാം തീയതി മേഖലകളിൽ വച്ചും രൂപതാ കലാമത്സരങ്ങൾ ഒക്ടോബർ 5-ാം തീയതി മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ചും നടത്തുന്നതാണ്. ഇതിനുമുമ്പ് മേഖലാ മത്സരങ്ങൾ പൂർത്തിയാക്കുവാൻ മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. മത്സര ഇനങ്ങളും സമയക്രമവും താഴെ കൊടുക്കുന്നു. മേഖലാ സാഹിത്യമത്സര വിജയികളുടെ ലിസ്റ്റ് സെപ്റ്റംബർ 15-ാം തീയതിക്കകം രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## മത്സരയിനങ്ങൾ, സമയക്രമം, വിഷയം

1) സംഗീതം - 5 മിനിട്ട് യുവതി/യുവാവ് (ക്രിസ്തീയ ഭക്തിഗാനം മാത്രം, ക്ലാസ്സിക്കൽ ഗാനം പാടില്ല)
2) പ്രസംഗം - 5 മിനിട്ട് (വിഷയം 5 മിനിട്ട് മുമ്പ് നൽകപ്പെടും)
3) മോണോ ആക്ട് - 5 മിനിട്ട് (ഒരു സംഭവമോ, കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ശബ്ദത്തിലും ഭാവത്തിലും അനുകരിക്കണം)
4) മിമിക്രി - 5 മിനിട്ട്
5) നാടോടി നൃത്തം - 7 മിനിട്ട് (യുവതി/യുവാവ്) കാസറ്റ് സംഗീതം അനുവദിക്കും, പിന്നണിക്ക് പ്രാധാന്യം നൽകുന്നതല്ല. നാടോടി പാട്ടുകളാണ് ഉപയോഗിക്കേണ്ടത്. സിനിമാഗാനം അനുവദനീയമല്ല.
6) ഡിബേറ്റ് - 10 മിനിട്ട് (ഒരു ടീമിൽ രണ്ടാളുകൾ, ഒരാൾ പ്രൊപ്പോസർ, മറ്റേയാൾ ഒപ്പോസർ, വിഷയം അര മണിക്കൂർ മുമ്പ് നൽകപ്പെടും)

7) ക്വിസ് – ഒരു ടീമിൽ രണ്ടുപേർ. ചോദ്യങ്ങളുടെ അനുപാതം – വി. മത്തായിയുടെ സുവിശേഷം, വി. പത്രോസ് 1-ഉം 2-ഉം ലേഖനങ്ങൾ 60%, കെ.സി.വൈ.എം ചരിത്രം, ദർശനം, പ്രവർത്തനങ്ങൾ 30%, പൊതുവിജ്ഞാനം 10%.

8) സംഘഗാനം – 7 മിനിട്ട് (7 പേരിൽ കൂടരുത്, സംഗീത ഉപകരണങ്ങൾ പാടില്ല)

9) കെ.സി.വൈ.എം. ആന്തം (7 പേരിൽ കൂടരുത്, കെ.സി.വൈ.എം. പതാകയേന്തണം, മാർച്ചിംഗ് ട്യൂൺ ആണ് ആലപിക്കേണ്ടത്)

10) മൈം – 10 മിനിട്ട് (7 പേരിൽ കൂടാൻ പാടില്ല, മ്യൂസിക് നൽകാവുന്നതാണ്)

11) തെരുവുനാടകം – 20 മിനിട്ട് (ഏതുതരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരുവിധത്തിലുമുള്ള ചായവും പാടില്ല. ക്രിസ്തീയ രൂപീകരണം, വിശ്വമാനവികത, പരിസ്ഥിതി ആത്മീയത, ഭക്ഷ്യപരമാധികാരം, 'ക്രിസ്തീയ യുവത്വം വിശ്വസാഹോദര്യത്തിന്' എന്നീ വിഷയങ്ങളിൽ ഊന്നിയ ആനുകാലിക പ്രസക്തമായ വിഷയമായിരിക്കണം. മൈക്ക് നൽകുന്നതല്ല.

12) കവിതാ രചന (1 മണിക്കൂർ)

13) മാർഗ്ഗംകളി – 7 മിനിട്ട് (യുവതികൾക്ക് മാത്രം)

14) കഥാരചന – 1 മണിക്കൂർ

15) ഉപന്യാസ രചന – 1 മണിക്കൂർ

16) നോട്ടീസ് രചന – 45 മിനിട്ട് 1 പേജ്

17) മുദ്രാവാക്യ രചന – 30 മിനിട്ട് (ആവേശം ജനിപ്പിക്കത്തക്കരീതിയിൽ താളാത്മകമായി വേണം രചിക്കാൻ)

18) കാർട്ടൂൺ രചന –2 മണിക്കൂർ (കളർ ഉപയോഗിക്കാൻ പാടില്ല, ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം)

19) കൊളാഷ് – 1 മണിക്കൂർ (ചായക്കൂട്ടും തൂലികയുമില്ലാതെ ഒരു വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങളും പത്രക്കുറിപ്പുകളും ശേഖരിച്ച് അവ സൂഷ്മതയോടെ ഒട്ടിച്ച് ചേർത്ത് കൊളാഷ് ചിത്രങ്ങൾ നിർമ്മിക്കാം. അകലെ നിന്ന് ചിത്രം കാണുകയും അടുത്ത് നിന്ന് ചിത്രത്തിലെ കുറിപ്പുകൾ വായിക്കുകയും ചെയ്യുവാൻ സാധിക്കണം. കൊളാഷിന് പേര് നൽകാവുന്നതാണ്. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല)

20) പോസ്റ്റർ രചന - 2 മണിക്കൂർ (പോസ്റ്റർ കളർ Transpirant, വാട്ടർകളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കാൻ പാടില്ല. ആശയമെഴുതാൻ സ്കെച്ച്പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾകൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്)

രചനാമത്സരങ്ങൾക്ക് തത്സമയം വിഷയം നൽകപ്പെടും. എല്ലാ മത്സരങ്ങളിലും ധാർമ്മിക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്നവയാണ് അവതരിപ്പിക്കേണ്ടത്. മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും അംഗത്വകാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

## KCYM മാനന്തവാടി രൂപത ഫെയ്സ് ബുക്ക്

മാറുന്ന കാലഘട്ടത്തിൽ ചുവരെഴുത്തുകൾ മനസ്സിലാക്കി മുന്നേറാൻ കെ.സി.വൈ.എം. മാനന്തവാടി രൂപതയും Face book- ൽ Account തുടങ്ങിയിരിക്കുന്നു. Net ഉപയോഗിക്കുന്നവർ എല്ലാവരും അതിൽ അംഗങ്ങളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## നന്ദിയോടെ

കെ.സി.വൈ.എം. പയ്യമ്പള്ളി മേഖലാ ഡയറക്ടറായി കഴിഞ്ഞ രണ്ട് വർഷക്കാലം മേഖലയെ നയിച്ച ബഹു. സിബിച്ചൻ ചേലയ്ക്കാപ്പള്ളി അച്ചന് സ്നേഹപൂർവ്വം പ്രസ്ഥാനത്തിന്റെ നന്ദി. നടവയൽ മേഖലാ ആനിമേറ്ററായിരുന്ന സി. കുസുമം സി.എം.സി. ക്ക് രൂപതാ സമിതിയുടെ ഹൃദ്യമായ നന്ദി.

## സ്വാഗതം

കെ.സി.വൈ.എം. പയ്യമ്പള്ളി മേഖലയുടെ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. മനോജ് കറുത്തേടം അച്ചനും, നടവയൽ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. തോമസ് വാഴച്ചാലിൽ അച്ചനും പ്രവർത്തന പന്ഥാവിൽ വിജയങ്ങൾ ആശംസിച്ചുകൊണ്ട് പ്രസ്ഥാനത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

നടവയൽ മേഖലാ ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സി. ആൻസി CMC ക്ക് രൂപതാ സമിതിയുടെ ഹൃദ്യമായ സ്വാഗതം.

## അനുശോചനങ്ങൾ

കെ.സി.വൈ.എം. നടവയൽ മേഖലാ ഡയറക്ടർ ബഹു. തോമസ് വാഴച്ചാലിൽ അച്ചന്റെ പ്രിയ മാതാവിന്റെ വേർപാടിൽ പ്രസ്ഥാനത്തിന്റെ അനുശോചനങ്ങളും പ്രാർത്ഥനകളും നേരുന്നു.

## മേഖലാ വാർത്തകൾ

### തരിയോട് മേഖല

കെ.സി.വൈ.എം. തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ ജൂൺ 26-ന് കാവുംമന്ദം ലൂർദ്ദ്മാതാ ഓഡിറ്റോറിയത്തിൽവച്ച് മദ്യപാനത്തിന്റെ വിപത്തിനെക്കുറിച്ച് ഒരു ബോധവൽക്കരണ സെമിനാർ നടത്തി. തരിയോട് മേഖലാ ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയിൽ സ്വാഗതം ആശംസിച്ചു. മേഖലാ പ്രസിഡന്റ് എബിൻ മുട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. ബഹു. ശ്രീ. ശ്രേയാംസ് കുമാർ എം.എൽ.എ. ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ മദ്യവിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും, സന്ദേശം നൽകുകയും ചെയ്തു. തരിയോട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം.ഐ. ജോസഫ്, വൈസ് പ്രസിഡന്റ് ശ്രീമതി ചിന്നമ്മ മാത്യു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. ദേവദാസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മേഖലാ സെക്രട്ടറി ജെറീഷ് വെള്ളാരംകാലായിൽ നന്ദി പറഞ്ഞു.

തുടർന്ന് നടന്ന ലഹരിവിരുദ്ധ സെമിനാർ, ബോധവത്ക്കരണ ക്ലാസ് എന്നിവയിൽ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ടോമി നെടുംകൊമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. 140 യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതു മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ഗ്രൂപ്പ് തിരിച്ച് ചർച്ച നടത്തി റിപ്പോർട്ട് അവതരിപ്പിച്ചു.

### മാനന്തവാടി മേഖല

വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച മാനന്തവാടി മേഖല കോഡിനേറ്റർ ബിനു പൊട്ടയ്ക്കലിനും ഭാര്യ ബിൻസിക്കും സ്വീകരണം നൽകുകയും മേഖലയുടെ ആശംസകൾ അർപ്പിക്കുകയും മെമന്റോ നൽകുകയും ചെയ്തു.

മേഖലയുടെ വിവിധ യൂണിറ്റുകളിൽ പരിസ്ഥിതി ദിനാചരണം നടത്തി. 26-6-11 ൽ ടൗൺ പള്ളിയിൽ വച്ച് മേഖലയുടെ അർദ്ധവാർഷിക സെനറ്റ് കൂടുകയും പഠനാവശ്യങ്ങളാൽ സ്ഥാനം ഒഴിഞ്ഞ ചില മേഖലാ ഭാരവാഹികളുടെ ഒഴിവിലേക്ക് പുതിയ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

### സ്വാതന്ത്ര്യദിന ക്വിസ്

കെ.സി.വൈ.എം. മാനന്തവാടി മേഖല സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിന ഓഡിയോ, വിഷ്വൽ ക്വിസ് (ഫ്രീഡം 2011) ഓഗസ്റ്റ് 15 - 11 a.m-ന് TTI സ്കൂൾ കണിയാരത്ത് വച്ച് നടത്തുന്നു. രൂപതയിലെ മുഴുവൻ യൂണിറ്റുകൾക്കും ടീമായി പങ്കെടുക്കാം. (ഒരു ടീമിൽ

രണ്ട് പേർ) റജിസ്ട്രേഷൻ ഫീസ് 50 രൂപ. അവസാന തീയതി ആഗസ്റ്റ് 8. പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യപത്രവുമായി വരേണ്ടതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്ന ടീമുകൾ മാനന്തവാടി മേഖല ഡയറക്ടറുമായോ, (ഫോൺ: 9447555493)ബിജു പുത്തൻകണ്ടത്തിലുമായോ (ഫോൺ: 9747531613) ബന്ധപ്പെടേണ്ടതാണ്. വിജയികൾക്ക് 1001, 501, 301 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡും ഫലകവും നൽകുന്നതാണ്.

## പയ്യമ്പള്ളി മേഖല

പയ്യമ്പള്ളി മേഖലയിലെ യുവജനദിനാഘോഷം മാർട്ടിൻ നഗറിൽവച്ച് നടത്തപ്പെട്ടു. യുവജനദിനാഘോഷത്തിന്റെ ഭാഗമായി നടത്തപ്പെട്ട സെനറ്റ് സമ്മേളനത്തിന് മേഖലാ പ്രസിഡന്റ് സജീഷ് അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. മനോജ് കറുത്തേടം, റവ.ഫാ. സിബിച്ചൻ ചേലയ്ക്കാപ്പള്ളി, മേഖലാ ആനിമേറ്റർ സി. എലിസബത്ത് SCV തുടങ്ങിയവർ പ്രസംഗിച്ചു.

## കല്ലോടി മേഖല

കെ.സി.വൈ.എം. കല്ലോടി മേഖലയിൽ യുവജനദിനാഘോഷം നടത്തി. മേഖലാ കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സെനറ്റ് കൂടുകയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ലഹരിക്കും അഴിമതിക്കുമെതിരെ പ്രബോധനങ്ങളും ലേഖനങ്ങളുമടങ്ങിയ കെ.സി.വൈ.എം. മുഖപത്രം 'നേർക്കാഴ്ച' രൂപതാ ജന.സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ പ്രകാശനം ചെയ്തു. മേഖലാ പ്രസിഡന്റ് ജിനോ മംഗലത്ത് അധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർ റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി.

## കൽപ്പറ്റ മേഖല

കെ.സി.വൈ.എം. കൽപ്പറ്റ മേഖല അർദ്ധവാർഷിക സെനറ്റ് ജൂലൈ 3-ന് കൽപറ്റ ഡി പോൾ സ്കൂളിൽ വച്ച് നടത്തി. മേഖലയുടെ കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഒപ്പം യൂണിറ്റുകൾ 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും പുതിയ പ്രവർത്തന മേഖലകൾ അനാവരണം ചെയ്യുകയും ചെയ്തു. മേഖലയിലെ എല്ലാ യൂണിറ്റുകളിലും നടത്തപ്പെട്ട 2011 ലോഗോസ് ക്വിസ്-ലെ വിജയികൾക്ക് തദവസരത്തിൽ സമ്മാനങ്ങൾ കൊടുത്തു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വാഴവറ്റ യൂണിറ്റിന് അഭിനന്ദനങ്ങൾ നേരുന്നു. പ്രോത്സാഹിപ്പിച്ച ബഹു. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി

അച്ചനും ആനിമേറ്റർ ബഹു. സി. ടെസ്സിനും നന്ദി പറയുന്നു. അർദ്ധ വാർഷിക സെനറ്റിൽ മേഖലാ പ്രൊമോട്ടർ ശ്രീ. സന്തോഷ് ഞാറക്കുള ത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധേയമായി. പങ്കെടുത്ത എല്ലാ സംസ്ഥാന, രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾക്കും നന്ദി പറയുന്നു. പ്രോത്സാ ഹിപ്പിക്കുന്ന എല്ലാ യൂണിറ്റ് ഡയറക്ടർ അച്ചൻമാർക്കും ആനിമേ റ്റേഴ്സിനും ഒരായിരം നന്ദി.

## യൂണിറ്റ് വാർത്തകൾ

### ആലാറ്റിൽ യൂണിറ്റ്

കെ.സി.വൈ.എം. ആലാറ്റിൽ യൂണിറ്റിന്റെ നേതൃത്വത്തിൽ യുവ ജന ദിനാഘോഷവും 'ലഹരി വിമുക്തഗ്രാമം' എന്ന സ്വപ്നവുമായി നടത്താനൊരുങ്ങുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന വിവിധ പ്രവർത്ത നങ്ങളുടെ ഉദ്ഘാടനവും നടന്നു. യൂണിറ്റിലെ നൂറോളം യുവജനങ്ങൾ പങ്കെടുത്ത ഉത്ഘാടന സമ്മേളനത്തിൽ ഇടവക വികാരി റവ.ഫാ. വിൻസെന്റ് കൊരട്ടിപ്പറമ്പിൽ തിരികൊളുത്തി ഉദ്ഘാടന കർമ്മം നിർവ്വ ഹിക്കുകയും യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജിൻസ് പടിഞ്ഞാറേൽ അധ്യ ക്ഷത വഹിക്കുകയും വിവിധ സംഘടനാ ഭാരവാഹികൾ ആശംസകൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന 'ലഹരിക്കെതിരെ ജാഗ്രത' എന്ന രൂപത സർവ്വെയുടെ വിശദീകരണം കെ.സി.വൈ.എം. ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ നടത്തുകയും ചെയ്തു. തുടർന്ന് നടന്ന ആഘോഷങ്ങൾക്ക് യൂണിറ്റ് ഭാരവാഹികളായ ജസ്റ്റിൻ, അൽസ, ജിലു, സുധീഷ്, പ്രിൻസ്, അജീഷ് തുടങ്ങിയവർ നേതൃത്വം നൽകു കയും ചെയ്തു.

### അമ്പലവയൽ യൂണിറ്റ്

കെ.സി.വൈ.എം. അമ്പലവയൽ യൂണിറ്റിൽ 3-7-11 ന് യുവജന ങ്ങൾക്ക് വേണ്ടി സെമിനാർ നടത്തി. കൂടാതെ രക്തഗ്രൂപ്പ് നിർണ്ണയം നടത്തുകയും രക്തഗ്രൂപ്പിന്റെ ഒരു ഡയറക്ടറി പുറത്തിറക്കുകയും ചെയ്തു. സെമിനാറിന് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുര യ്ക്കൽ നേതൃത്വം നൽകി.

### കൊട്ടിയൂർ യൂണിറ്റ്

10-7-11 ന് യുവജനദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. കൊട്ടിയൂർ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജെറി ഓണംപള്ളി വി. കുർബാന അർപ്പിച്ചു. അൾത്താരശുശ്രൂഷ, വി.ബലിയിലെ വായനകൾ എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകുകയും കാഴ്ചസമർപ്പണം നടത്തുകയും ചെയ്തു. തുടർന്ന് നടത്തിയ പൊതുസമ്മേളനത്തിൽ

രക്ഷാധികാരി റവ.ഫാ. അഗസ്റ്റ്യൻ ചേമ്പാലയിൽ വചനപ്രതിഷ്ഠ നടത്തുകയും സന്ദേശം നൽകുകയും ചെയ്തു. റവ.ഫാ. ജെറി ഓണംപള്ളി സ്വാഗതം ആശംസിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. എബി പ്ലാംപറമ്പിൽ അധ്യക്ഷത വഹിച്ചു. റവ.ഫാ. അഗസ്റ്റ്യൻ ചേമ്പാലയിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ യൂണിറ്റ് ആനിമേറ്റർ സി. ജെസി ജോസ് മുൻ പ്രസിഡന്റ് ശ്രീ. അനൂപ് ഏറത്തേടത്ത് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് "ക്രിസ്തീയ യുവത്വം ആധുനിക യുഗത്തിൽ" എന്ന വിഷയത്തെക്കുറിച്ച് ശ്രീ. പോൾ തോമസ് ചക്കാനിക്കുന്നേൽ ക്ലാസ്സ് എടുത്തു. 70 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**പുതിയിടംകുന്ന് യൂണിറ്റ്**

കെ.സി.വൈ.എം. പുതിയിടംകുന്ന് യൂണിറ്റിന്റെ പ്രവർത്തനമേഖലയിലേക്ക് കടന്നുവന്ന ബഹു. ജെയ്സ് പൂതക്കുഴി അച്ചനും ആനിമേറ്റർ സി. മരിയ തോമസിനും സ്വീകരണം നൽകി. ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ സ്കൂൾകെട്ടിടം പെയിന്റടിക്കുകയും റോഡ് നന്നാക്കുകയും ചെയ്തു. പന്തക്കുസ്താ ദിനത്തോടനുബന്ധിച്ച് നടത്തിയ ജാഗരണപ്രാർത്ഥനയിൽ യുവജനങ്ങൾ പങ്കെടുക്കുകയും പരിശുദ്ധ കുർബാനയോടനുബന്ധിച്ച് 13 മണി ആരാധനയിൽ യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. ഏഴ് പേരടങ്ങുന്ന Catholic Committee രൂപീകരിച്ച് യൂണിറ്റ് പുനരുദ്ധരിച്ചു.

**പേര്യ യൂണിറ്റ്**

പരിസ്ഥിതി ദിനാഘോഷത്തോടനുബന്ധിച്ച് ഇടവകയിലെ യുവതീ യുവാക്കൾ കാപ്പിത്തൈകൾ നട്ടു. 10-6-11 ന് ജാഗരണ പ്രാർത്ഥന നടത്തി. മാനന്തവാടി ടൗൺ ചർച്ചിൽ നടന്ന അർദ്ധവാർഷിക സെനറ്റിൽ ഭാരവാഹികൾ പങ്കെടുത്തു. 29-6-11 യുവജനങ്ങൾ വി. പൗലോസ് ശ്ലീഹ അനുസ്മരണം നടത്തി.

**വാകേരി യൂണിറ്റ്**

യുവജനദിനത്തോടനുബന്ധിച്ച് വാകേരി ഇടവകയിൽ നടത്തിയ യുവജനസെമിനാറിന് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ നേതൃത്വം നൽകി. ഇടവക വികാരി റവ.ഫാ. ജോർജ് തേരകം, യൂണിറ്റ് പ്രസിഡണ്ട് സിഞ്ജു, സെക്രട്ടറി ജോൺ, ആനിമേറ്റർ സി. ചിന്നമ്മ തുടങ്ങിയവർ പ്രസംഗിച്ചു. ലഹരിവിരുദ്ധ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ലഹരിവിരുദ്ധ സർവ്വേ നടത്തുകയുണ്ടായി.

**ശാന്തിഗിരി യൂണിറ്റ്**

ശാന്തിഗിരി യൂണിറ്റിൽ നടന്ന യുവജനദിനാഘോഷം കെ.സി.

വൈ.എം. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി റവ.ഫാ. സജി ഇളയിടം, രൂപതാ ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി. തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**വൈത്തിരി യൂണിറ്റ്**

ബൈബിൾ ഞായറിൽ മിഷൻലീഗ് അംഗങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബൈബിൾ പ്രതിഷ്ഠ നടത്തി, വചനവിരുന്ന് പകരുകയും ചെയ്തു. ദേവാലയത്തിൽ വചനവൃക്ഷം സ്ഥാപിക്കുകയും ഇടവകയിലെ എല്ലാ ഭവനങ്ങളിലും സമ്പൂർണ്ണ ബൈബിൾവായന യജ്ഞത്തിന് ആരംഭം കുറിക്കുകയും ചെയ്തു.

യുവജനദിനത്തിൽ യുവജനങ്ങൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അന്നത്തെ കുർബാനമദ്ധ്യേ കാഴ്ചവയ്പിന് യുവജനങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. ശേഷം കേക്ക് മുറിച്ച് ആഘോഷിച്ചു. യൂണിറ്റംഗങ്ങൾ മുതുമല കടുവാസങ്കേതത്തിലേയ്ക്ക് വിനോദയാത്ര നടത്തി യുവജനഐക്യം ഊട്ടി ഉറപ്പിച്ചു. യൂണിറ്റ് പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ജോബിൻ ജോർജ്ജ്, ആനന്ദ്, അഞ്ജലി, സ്റ്റെഫീന, ജോബിൻ, സി. ലൂസി തറപ്പത്ത് എസ്.എച്ച്, ഫാ. ബിനു പൈനുങ്കൽ എന്നിവർ നേതൃത്വം നൽകി.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ജൂലൈ 15 മുതൽ 18 വരെ നടന്ന കോഴ്സിൽ 94 പേര്‍ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂര്‍വ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| ആഗസ്റ്റ് 12-15 | - | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ആഗസ്റ്റ് 26-29 | - | പാസ്റ്ററൽ സെന്റർ, മണിമൂളി |
| സെപ്റ്റംബർ 04-07 | - | പാസ്റ്ററൽ സെൻർ, ദ്വാരക |

## പ്രത്യേക ശ്രദ്ധയ്ക്ക്

ആഗസ്റ്റ് 26 തുടങ്ങി 29 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചുപറയുമല്ലോ. ഈ പ്രദേശങ്ങളിൽ കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവരോട് 26-29 ന്റെ കോഴ്സിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുമല്ലോ.

## വനിതകൾക്ക് മാതൃസംഘടന ഒരുക്കുന്ന സാഹിത്യമത്സരങ്ങൾ

സീറോമലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ വെളിച്ചത്തിൽ മാനന്തവാടി രൂപതയിലെ മാതൃസംഘടന, എല്ലാ വനിതകൾക്കുമായി (except Rev. Sisters) ഉപന്യാസം, കഥ, കവിത എന്നീ മത്സരങ്ങൾ ഒരുക്കുന്നു.

**1) സമയക്രമം**

a) ഇടവകാതലത്തിൽ (ആഗസ്റ്റ് 01-20 വരെ തീയതികളിൽ)

b) ഫൊറോനാ തലത്തിൽ (സെപ്റ്റംബർ 01-20 വരെ തീയതികളിൽ)
c) രൂപതാ തലത്തിൽ (ഒക്ടോബർ 22 പാസ്റ്ററൽ സെന്റർ ദ്വാരക)

**2) മത്സരാർത്ഥികൾ**

മാനന്തവാടി രൂപതയിലെ ഓരോ ഇടവകയിലും, ആ ഇടവകയിലെ എല്ലാ വനിതകൾക്കും (above 18 yrs) പങ്കെടുക്കാം.

**3) വിഷയങ്ങൾ**

<u>ഉപന്യാസം:</u> കുടുംബം ദൈവത്തിന്റെ സ്വപ്നം!
കുഞ്ഞുങ്ങൾ ജനിക്കട്ടെ, ലോകം ആനന്ദിച്ചുല്ലസിക്കട്ടെ!

<u>കഥ:</u> ജീവൻ ദൈവത്തിന്റെ ദാനം -
നിന്റെ സഹോദരൻ എവിടെ?

<u>കവിത:</u> സ്ത്രീകൾ ജീവന്റെ സംരക്ഷകർ

**4) നിബന്ധനകൾ**

a) ഇടവകാതലത്തിൽ വികാരി, CMA ആനിമേറ്റർ എന്നിവരും; ഫൊറോനതലത്തിൽ ഫൊറോന ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരും, ആനിമേറ്റേഴ്സും, രൂപതാതലത്തിൽ രൂപതാ ഡയറക്ടർ & ആനിമേറ്റർ എന്നിവരുമായിരിക്കും മത്സരം നടത്തിപ്പിന് ഉത്തരവാദിത്വം വഹിക്കുന്നവർ.

b) മത്സരത്തിന് നേരത്തേ അറിയിക്കുന്ന ദിവസം മത്സരാർത്ഥികൾ ഒരു സ്ഥലത്ത് ഒരുമിച്ച് വന്നശേഷം മാത്രമേ എഴുതാൻ ആരംഭിക്കാവു. അല്ലാതെ നേരത്തേ എഴുതി തയ്യാറാക്കിയ രചനകൾ കൊണ്ടുവന്ന് തന്നാൽ പോരാ.

c) ഇടവകാതലത്തിലെ 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്നവർ ഫൊറോനാ തലത്തിൽ മത്സരിക്കാൻ യോഗ്യരാണ്. ഫൊറോനാതലത്തിൽ 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്നവർ രൂപതാ തലത്തിൽ മത്സരിക്കാൻ യോഗ്യരാണ്.

d) ഇടവകാതലത്തിലെ മത്സരത്തിന്റെ ഫലങ്ങൾ ആഗസ്റ്റ് 30 ന് ഉള്ളിൽ ഫൊറോനാ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടേഴ്സിനെ അറിയിച്ചിരിക്കണം.

e) ഫൊറോനാതല മത്സരത്തിന്റെ ഫലങ്ങൾ ഒക്ടോബർ 10-ന് മുൻപ് രൂപതാ ഓഫീസിൽ ലഭിച്ചിരിക്കണം.

f) ഇടവക, ഫൊറോന, രൂപതാ തലങ്ങളിൽ മത്സരത്തിന് ഒരേ വിഷയമായിരിക്കും. ഇതുവഴി ഒരു വിഷയത്തെക്കുറിച്ച് മൂന്നു മാസം കൊണ്ട് ആഴത്തിൽ പഠിക്കാനും ഒരുങ്ങാനും സാധിക്കും. കൂടുതൽ ഒരുങ്ങി, നന്നായി എഴുതാൻ അവസരം ഒരുക്കണം; അമ്മമാരുടെ

ഭാഗത്തു നിന്നും നല്ല സാഹിത്യസൃഷ്ടികൾ ഉണ്ടാകണം എന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെ ചെയ്യുന്നത്.

g) മത്സരത്തിന് ഉപയോഗിക്കുന്ന പേപ്പർ അതാതു തലങ്ങളിലെ ഡയറക്ടേഴ്സിന്റെ അനുമതിയോടുകൂടി മാത്രമേ മത്സരത്തിനുള്ള ഹാളിൽ കയറ്റാവുള്ളു. മത്സര സമയത്ത് എഴുതാനുള്ള പേപ്പറുകളും, എഴുത്ത് സാമഗ്രികളും അല്ലാതെ മറ്റൊന്നും ഹാളിൽ കൊണ്ടുവരാൻ പാടുള്ളതല്ല.

**5) സമയദൈർഘ്യം**

ഓരോ മത്സരത്തിനും ഒന്നര മണിക്കൂർ സമയം ഉണ്ടായിരിക്കും. ഉപന്യാസം എട്ട് പേജുകളിലും, കഥ നാലു പേജുകളിലും, കവിത രണ്ടു പേജിലും കൂടാൻ പാടില്ല. പേപ്പറിന്റെ ഒരു വശത്തുമാത്രമേ എഴുതാവൂ.

**6) സമ്മാനങ്ങൾ**

I[st] Rs. 2500/-, II[nd] Rs. 1500/-, III[rd] Rs. 1000/-

**7) സമ്മാനത്തിനു യോഗ്യതയുള്ള രചനകൾ**

70% മാർക്കുകൾ ലഭിക്കാത്ത രചനകൾ സമ്മാനാർഹമായിരിക്കില്ല. 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന രചനകൾ 70 % മാർക്കുകൾ ലഭിക്കാത്തവയാണെങ്കിൽ പ്രോത്സാഹന സമ്മാനങ്ങൾ മാത്രമാണ് നൽകുക.

## കത്തോലിക്കാ മാതൃസംഘടന

2011 ജൂലൈ 12-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ പ്രസി. മോളി കരിമ്പനാക്കുഴിയുടെ അധ്യക്ഷതയിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ അസി.ഡയറക്ടർ ബഹു. ബിനു വടക്കേലച്ചന് സ്വാഗതവും എല്ലാ വിജയാശംസകളും നേർന്നു. സെക്രട്ടറിയുടെ റിപ്പോർട്ട് അവതരണത്തെ തുടർന്ന് ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. അമ്മമാരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനമായി നടത്തപ്പെടുന്ന സാഹിത്യരചനാ മത്സരങ്ങളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനമെടുത്തു. അടുത്ത എക്സിക്യൂട്ടീവ് ഓഗസ്റ്റ് 16-ന് ചേരുവാൻ തീരുമാനിച്ചു. ശ്രീ. കത്രിക്കുട്ടിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

**നടവയൽ മേഖല**

13-ന് ഉച്ചകഴിഞ്ഞ് 2 മണിയോടെ നടവയൽ മേഖലയിലെ മാതൃസംഘടനയുടെ ജനറൽബോഡി മീറ്റിംഗ് നടന്നു. മേഖലാ പ്രസിഡന്റ് ഷീജ പാലാത്തിന്റെ അദ്ധ്യക്ഷതയിൽ ആയിരുന്നു. മേഖലാ ഡയറക്ടർ

തോമസ് തൈക്കുന്നുംപുറം അച്ചനും ആനിമേറ്റർ സി. ആഗ്നറ്റ് സി. എ.സി. യും സന്നിഹിതരായിരുന്നു. ഓഗസ്റ്റ് മാസത്തിൽ മേഖലയിൽ അഖണ്ഡ ജപമാല നടത്തുന്നതിനെക്കുറിച്ചും മേഖലാ സന്ദർശനം നടത്തുന്നതിനേക്കുറിച്ചും ചർച്ചചെയ്ത് തീരുമാനങ്ങൾ എടുത്തു. മേഖലാ വൈസ് പ്രസി. അന്നക്കുട്ടി ഉണ്ണിക്കുന്നേലിന്റെ നന്ദിയോടെ യോഗം അവസാനിച്ചു.

**ബത്തേരി മേഖല**

21 ന് ഉച്ചകഴിഞ്ഞ് മേഖല ഡയറക്ടർ ബഹു. ജോണി കാഞ്ഞിരം പറമ്പിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ബത്തേരി മേഖല എക്സിക്യൂ ട്ടീവ് ചേർന്നു. എക്സിക്യൂട്ടീവിന്റെ തീരുമാനപ്രകാരം ജൂൺ 25-ന് മേഖലാ ആനിമേറ്റർമാരുടെ മീറ്റിംഗ് വിളിച്ചു. 13 ശാഖകളിലെ ആനി മേറ്റർമാർ പങ്കെടുത്തു. മേഖലാ ആനിമേറ്റർ സി. ബനിഞ്ഞ എല്ലാവ രെയും സ്വാഗതം ചെയ്തു. മേഖലാ സന്ദർശനം ഓഗസ്റ്റ് 1 മുതൽ എല്ലാ ശാഖകളിലും നടത്താൻ തീരുമാനിച്ചു. ഓരോ മാസത്തെയും മീറ്റിം ഗിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ജോണിയച്ചൻ വിവരിച്ചു പറഞ്ഞു. ജൂലൈ-ഓഗസ്റ്റ് മാസത്തിൽ സാഹിത്യമത്സരം നടത്തുന്നതിനെക്കുറിച്ചും ചർച്ച നടത്തി. ചർച്ചകൾക്കുശേഷം മേഖല പ്രസിഡന്റ് ലിസിയുടെ നന്ദിയോടെ യോഗം അവസാനിച്ചു.

**ആറാട്ടുതറ ശാഖ**

01 ന് ആറാട്ടുതറ ഇടവകയുടെ മാതൃസംഘടനായോഗം ഇടവക വികാരി ബഹു. ചാക്കോച്ചൻ വാഴക്കാലായച്ചന്റെ നേതൃത്വത്തിൽ ശ്രീ. ഷാലി വിൽസന്റെ സ്വാഗതത്തോടെ ആരംഭിച്ചു.

പുതിയ ഭാരവാഹികൾ:-

പ്രസിഡന്റ് - ശ്രീമതി സിസിലി വടക്കേടം, സെക്രട്ടറി - ശ്രീമതി ഷിജി സാബു കോമത്ത്, ജോ.സെക്രട്ടറി - ശ്രീമതി ജൈനമ്മ ആര്യ പ്പള്ളി, വൈസ് പ്രസിഡന്റ് - ശ്രീമതി ഗ്രേസി കിഴക്കേടം.

തിരുഹൃദയത്തിരുനാളിന്റെ പ്രാധാന്യത്തെക്കുറിച്ചും, യേശു കർത്താവാണെന്ന് നാമോരോരുത്തരും ഏറ്റു പറയുന്നതുവഴി നമ്മുടെ കുടുംബം, കുഞ്ഞുങ്ങൾ, ഇടവകാസമൂഹം നേർവഴിയിലൂടെ സഞ്ചരി ക്കുമ്പോൾ ഒരമ്മയുടെ ഉത്തരവാദിത്വം പൂർണ്ണതയിലെത്തിയെന്ന് വേണ മെങ്കിൽ പറയാം എന്ന് അച്ചൻ പറഞ്ഞു. രോഗീ സന്ദർശനം, മറ്റുള്ള വരെ സഹായിക്കൽ എന്നിങ്ങനെയുള്ള ചെറിയ ചെറിയ പ്രവർത്തന ങ്ങളിലൂടെ അമ്മമാർ സജീവമായി മുന്നോട്ടുവന്നാൽ മാത്രമേ നമ്മുടെ

കുടുംബത്തിനും ഇടവകയ്ക്കും നന്മയുണ്ടാകൂയെന്നും അച്ചൻ ഓർമ്മപ്പെടുത്തി. ശ്രീ. ലീലാമ്മ മഴുവഞ്ചേരി യോഗത്തിന് നന്ദി പറഞ്ഞു.

**വൈത്തിരി ശാഖ**

ജൂൺ 24 ന് ഇടവകയുടെ എല്ലാ മാതൃസംഘാംഗങ്ങളും ഒരുമിച്ചുകൂടി. എല്ലാ മാസവും ചെയ്യുന്നതുപോലെ ഫണ്ട് ശേഖരണാർത്ഥമുള്ള ശാഖയിലെ കുറി എടുക്കൽ പതിവുപോലെ നടന്നു. പള്ളിയും പള്ളിമുറിയും വൃത്തിയാക്കുന്ന ജോലിയും അവർ ഏറ്റെടുത്തു നടത്തുന്നു. രോഗീസന്ദർശനത്തെപ്പറ്റിയും അവസരോചിതമായ സഹായത്തെപ്പറ്റിയും അംഗങ്ങൾ ചർച്ച നടത്തി. ആഗസ്റ്റ് 27 ന് വി. മോനിക്ക പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് അമ്മമാർക്ക് ഒരു സെമിനാർ നടത്താൻ തീരുമാനിച്ചു. മീറ്റിംഗിൽ മക്കളുടെ വ്യക്തിത്വവികസനത്തിൽ മാതാക്കളുടെ പങ്ക്, മക്കളുടെ എണ്ണത്തിന് എന്തെങ്കിലും സ്ഥാനമുണ്ടോ എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. അമ്മമാർക്ക് ലോഗോസ് ക്വിസ് നടത്തുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. ശാഖയിലെ പ്രവർത്തനങ്ങൾക്ക് റവ.ഫാ. ബിനു പൈനുങ്കൽ, സി. റീത്താമരിയ എസ്.എച്ച്., ശ്രീമതി ആലീസ് ഉദിമൂട്ടിൽ, ശ്രീമതി ലുസ്യാമ്മ പൂതക്കുഴി, ശ്രീമതി മേഴ്സി തോലംമാക്കിൽ എന്നിവർ നേതൃത്വം നൽകുന്നു.

**മണ്ണുവയൽ ശാഖ**

മണ്ണുവയൽ ഇടവകയിൽ ബഹു. ജോർജ് പടിഞ്ഞാറയിൽ അച്ചന്റെ നേതൃത്വത്തിലും ആനിമേറ്റർ സി. ലിൻസിയുടെ സാന്നിദ്ധ്യത്തിലും ജൂലൈ 16 ന് മീറ്റിംഗ് കൂടി. ശ്രീമതി ഓമന മഠത്താശ്ശേരി നന്ദി പറഞ്ഞു.

പുതിയ ഭാരവാഹികൾ:

പ്രസിഡന്റ് – ശ്രീമതി ഫിലോ നെടുംതുണ്ടത്തിൽ, സെക്രട്ടറി – ശ്രീമതി മോളി പാലത്തിനാടി, ജോ.സെക്രട്ടറി – ശ്രീമതി ഓമന മഠത്താശ്ശേരി, വൈസ് പ്രസിഡന്റ് – ശ്രീമതി ജിനി കൊച്ചാനിച്ചുവട്ടിൽ, ട്രഷർ – ശ്രീമതി ബീന പാലത്തിനാടി.

**മരിയൻ സിംഗിൾസ്**

14 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 9 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 23 ന് 10 മണിക്ക്

**റവ. ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

ആത്മീയവും, ഭൗതീകവുമായ സ്വാതന്ത്ര്യത്തിന്റെ അനുസ്മരണവുമായി ആഗ്സ്റ്റ് മാസം സമാഗതമായി. "മുക്തി തന്റെയാ സ്വർഗ്ഗരാജ്യത്തിലേക്ക്" നമ്മുടെ നാടൊന്നുയരുവാൻ ഈ സ്വാതന്ത്ര്യ ദിനത്തിൽ സ്വർഗ്ഗാരോപിതയായ അമ്മയോട് നമുക്കും പ്രാർത്ഥിക്കാം. "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" ഏവർക്കും ആശംസകൾ പ്രാർത്ഥനാ പൂർവ്വം നേരുന്നു.

**സോണൽ മീറ്റിംഗ് 1-7-2011**

2011 ജൂലൈ 1 ആദ്യവെള്ളി ബഹു. പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച സോണൽ മീറ്റിംഗിൽ 63 ശുശ്രൂഷകർ സംബന്ധിച്ചു. 10 മണിക്ക് ആരംഭിച്ച ജപമാലയും ആരാധനയും നയിച്ചത് യഥാക്രമം ശ്രീ. പൈലി തുറപ്പാട്ട്, ശ്രീ. ജോണി കുന്നുംപുറം എന്നിവരാണ്. ശുശ്രൂഷകരെല്ലാവരും കുമ്പസാരിച്ച് ഒരുങ്ങി. 12 മണിക്ക് വി. ബലി. ബഹു. ജോർജ്ജ് മേമനയച്ചൻ അർപ്പിച്ചു. ഇന്ന് വചന ക്ലാസ്സ് എടുത്തത് ശ്രീ. ജോണി ആലഞ്ചേരിയാണ്. ദമ്പതീകൂട്ടായ്മ തയ്യാറാക്കിയ " സത്യവിശ്വാസ സംഗ്രഹം" എന്ന പുസ്തകത്തിന്റെ ഉള്ളടക്കത്തെപ്പറ്റി ശ്രീ. ജോസഫ് തോട്ടുപുറം വിശദീകരിച്ചു. ബഹു. മേമനയച്ചൻ പുസ്തകം പ്രകാശനം ചെയ്തു. ഭരണങ്ങാനത്തു നടക്കുന്ന കുടുംബനവീകരണ കൺവെൻഷന്റെ നോട്ടീസ് വിതരണം ചെയ്തു. ജൂലൈ 6 ന് സബ് റീജണൽ മീറ്റിംഗ് കോഴിക്കോട് 'ഗത്സെമിനി' ധ്യാനകേന്ദ്രത്തിൽ നടത്തുന്നു. 15 പേർ പങ്കെടുക്കണം എന്ന് അറിയിച്ചു.

**ജാഗരണ പ്രാർത്ഥന**

6 p.m ജപമാല 6.30 വി.ബലി ബഹു. പാറയിൽ അച്ചൻ അർപ്പിച്ചു. അത്താഴം, കുരിശിന്റെ വഴി എന്നിവയ്ക്കുശേഷം ആരാധന

ആരംഭിച്ചു. ബഹു. പാറയിൽ അച്ചനും, ബഹു. മനോജ് കാക്കോനാൽ അച്ചനും സിയോൻ ടീമും ചേർന്ന് ആരാധന നയിച്ചു. കർത്താവ് അനുഗ്രഹങ്ങൾ വർഷിച്ച് സിയോനിലൂടെ കടന്നുപോയ രാത്രിയായിരുന്നു ഇത്. 12 ന് പ്രാർത്ഥന അവസാനിപ്പിച്ചു. എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യശനി ഏകദിന കൺവെൻഷൻ 2-7-11**

6 a.m ന് പരി. അമ്മയുടെ സന്നിധിയിൽ അണഞ്ഞ ശുശ്രൂഷകർ സിയോൻ ഹാളിനു ചുറ്റും നടന്ന് ജപമാല ചൊല്ലി ദിവസത്തിന്റെ വിശുദ്ധീകരണത്തിനും ശുശ്രൂഷകളുടെ അഭിഷേകത്തിനുമായി പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ വചനസന്ദേശം നൽകി. വി.ജലം തളിച്ച് ശുശ്രൂഷകരേയും ഹാളിനേയും വിശുദ്ധീകരിച്ചു. ഒരുക്കശുശ്രൂഷ, പ്രഭാതഭക്ഷണം ഇവയ്ക്കുശേഷം 8.30 ന് സ്റ്റേജിലെ ശുശ്രൂഷകൾ ആരംഭിച്ചു. പതിവുശുശ്രൂഷകളായ സപ്ര, ജപമാല, സ്തുതിആരാധന എന്നിവ ബഹു. പാറയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു. 11 മണിക്ക് ബഹു. മാത്യു കറുത്തേടത്ത് അച്ചൻ വചനം പങ്കുവെച്ച് ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. ബാബു പാറയിൽ അച്ചൻ വി. ബലി അർപ്പിച്ച് സന്ദേശം നൽകി. കഴിഞ്ഞ ഒരു വർഷം സിയോണിലെ 'ഫുൾടൈമർ' ആയി പ്രവർത്തിച്ച നിധീഷ് തലച്ചിറ നമ്മുടെ സെമിനാരിയിൽ ചേർന്നു. പകരം ഈ വർഷം ഫുൾടൈമർ ആയി പ്രവർത്തിക്കാൻ സന്നദ്ധയായ ലിറ്റിന പൊട്ടയ്ക്കൽ എന്ന കുട്ടിയെ സ്റ്റേജിൽ പരിചയപ്പെടുത്തി. ലഘുഭക്ഷണം, അനുഭവസാക്ഷ്യം എന്നിവയ്ക്കുശേഷം സൗഖ്യാരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവ നടത്തി. കുഞ്ഞുങ്ങൾക്കായി സിയോൻ ചാപ്പലിൽ പ്രോഗ്രാം നടത്തി. 110 പേർക്കു കൗൺസിലിംഗ് നടത്തി. ധാരാളം പേർക്ക് കുമ്പസാരിക്കാൻ അവസരം ഒരുക്കി. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാം ശനി ശുശ്രൂഷകൾ 9-7-2011**

**യുവജനകൂട്ടായ്മ**

യൂത്ത് ടീം വെള്ളിയാഴ്ച രാത്രി പ്രാർത്ഥിച്ച് ഒരുങ്ങി. ബഹു. മനോജ് കാക്കോനാൽ അച്ചനും യൂത്ത് ടീമും ചേർന്ന് ശുശ്രൂഷകൾ നയിച്ചു. ബഹു. പാറയിൽ അച്ചൻ വി. കുർബാന അർപ്പിച്ചു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. ആത്മീയ ഉണർവ്വും പരിശുദ്ധാത്മ നിറവും നേടി യുവജനങ്ങൾ ഭവനങ്ങളിലേക്കു മടങ്ങി.

**പൊതു കൗൺസിലിംഗ്**

തലേരാത്രി പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് കൗൺസിലിംഗ് ശുശ്രൂഷ നടത്തി. 62 പേർ വന്ന് ശുശ്രൂഷ സ്വീകരിച്ചു.

## ദമ്പതികൂട്ടായ്മ

10 a.m ന് ജപമാലയോടെ ആരംഭിച്ച പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ശ്രീ. ജെയിംസ് അമ്പലത്തറ നേതൃത്വം നൽകി. 11 മണിക്ക് കൽപ്പറ്റ ഡി പോൾ പള്ളി അസി. വികാരി ബഹു. വിജിൽ അച്ചൻ 'കുടുംബ ജീവിതം സഭയിലൂടെ' എന്ന വിഷയത്തെപ്പറ്റി ക്ലാസ്സെടുത്തു. 37 പേർ കൂട്ടായ്മയിൽ പങ്കെടുത്തു. 12 മണിക്ക് ബഹു. വിജിൽ അച്ചൻ വി. ബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഗ്രൂപ്പ് ഷെയറിംഗും ആരാധനയും നടത്തി. കുമ്പസാരിക്കാൻ അവസരവും നൽകി. സി. ലിന്റ FCC ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ശ്രീ. ജോസഫ് തോട്ടുപുറം സ്വാഗതവും ശ്രീ. പോൾസൺ വലിയമറ്റം നന്ദിയും പറഞ്ഞു.

## മൂന്നാം വെള്ളി സൗഖ്യദിനം 15-7- 2011

10 മണിക്ക് പ്രാർത്ഥന ആരംഭിച്ചു. ജപമാല സ്തുതിആരാധന എന്നിവ സിയോൻ ടീം നയിച്ചു. ബഹു. മേമനയച്ചൻ വി. ബലി അർപ്പിച്ചു. സൗഖ്യപ്രാർത്ഥന നടത്തി. ധാരാളം പേർ ശുശ്രൂഷകളിൽ പങ്കെടുത്തു.

## സിയോൻ ആഗസ്റ്റ് മാസത്തിൽ

| | | |
|---|---|---|
| 5 ആദ്യവെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 6 ആദ്യശനി | - | ഏകദിന കൺവെൻഷൻ, |
| | - | കൗൺസിലിംഗ്, |
| | - | ക്രിസ്റ്റീൻ പ്രോഗ്രാം |
| 13 രണ്ടാംശനി | - | യുവജന ദിനം, |
| | - | പൊതുകൗൺസിലിംഗ് |
| | - | ദമ്പതീ കൂട്ടായ്മ, |
| 19 മൂന്നാം വെള്ളി | - | സൗഖ്യദിനം, ജാഗരണ പ്രാർത്ഥന |
| 26 നാലാം വെള്ളി | - | ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി) |

**ഫാ. സെബാസ്റ്റ്യൻ പാറയിൽ**
സിയോൻ ഡയറക്ടർ
**ഫാ. മനോജ് കാക്കോനാൽ**
**ഫാ. മാത്യു കറുത്തേടത്ത്**

# സിയോൻ പ്രോലൈഫ് മൂവ്മെന്റ്

**കൽപ്പറ്റ**

പ്രാർത്ഥന കൂട്ടായ്മകളും, ക്ലാസുകളും, സെമിനാറുകളുമായി വളരെ സജീവമായ ഒരുമാസമാണ് കടന്നു പോയത്.

**1. ദിവ്യകാരുണ്യ ആരാധന : ജൂലൈ 13**

കൽപ്പറ്റ ഫാത്തിമാ മാതാ ഹോസ്പിറ്റൽ ചാപ്പലിൽ വെച്ച് നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് മാനന്തവാടി സോണൽ കോ ഓഡിനേറ്റർ (സിയോൺ ദ്വാരക) ശ്രീ. ബേബി മൂത്തേടം നേതൃത്വം നൽകി. എല്ലാ മാസത്തിലേയും രണ്ടാം ബുധനാഴ്ചകളിൽ നടന്നുവരുന്ന ഈ ആരാധനയിൽ ഇപ്രാവശ്യവും ധാരാളം ആളുകൾ പങ്കെടുക്കുകയും ഗർഭിണികൾക്കും, രോഗികളായിട്ടുള്ളവർക്കുംവേണ്ടി പ്രത്യേകമായി മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ചെയ്തു.

**2. പ്രതിവാര പ്രാർത്ഥനാ കൂട്ടായ്മകൾ**

ജൂൺ 22, 29 ജൂലൈ 6 കൽപ്പറ്റയിൽ സിയോൺ ഓഫീസിൽ (കരിമ്പനാൽ ഭവനം) വെച്ച് നടന്നു. വിവിധ ദിവസങ്ങളിലായി പോൾ കരിമ്പനാക്കുഴി, ബേബി കരിമ്പനാൽ, ബേബി നീലംകാവിൽ തുടങ്ങിയവർ പ്രാർത്ഥനകൾ നയിച്ചു.

**ക്ലാസുകൾ, സെമിനാറുകൾ**

1. ജൂലൈ 26: ചെമ്പൻതൊട്ടി (തലശ്ശേരി രൂപത) കെ.സി.വൈ.എം. അംഗങ്ങൾക്കുവേണ്ടി പ്രോ-ലൈഫ് വൺഡേ സെമിനാർ നടത്തി.
2. ജൂലൈ 1, 2 സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ് നടവയൽ സിസ്റ്റേഴ്സിന് പ്രൊലൈഫ് ക്ലാസും, ഏആർടി ബില്ലിനെപ്പറ്റിയുള്ള പഠനവും ക്ലാസുകൾ കെസി.ബി.സി. പ്രോലൈഫ് സമിതി മലബാർ റീജിയണൽ കോ-ഓഡിനേറ്റർ ശ്രീ. സാലു അബ്രാഹം മേച്ചേരിൽ, സോണൽ കോ-ഓഡിനേറ്റർ അഡ്വ. ജോസ് കുറുമ്പാലക്കാട്ട് തുടങ്ങിയവർ ക്ലാസ്സെടുത്തു.
3. ജൂലൈ 8, 9, 10 തിരുവനന്തപുരം: പള്ളോട്ടിൽ ഹൗസിൽ ഹൈസ്കൂൾ തലം വരെയുള്ള ആൺകുട്ടികൾക്കായി നടത്തിയ ധ്യാനക്ലാസ്സിൽ 57 വിദ്യാർത്ഥികൾ പങ്കെടുത്തു. ശ്രീ. സാലു അബ്രാഹം, അഡ്വ. കെ. എ. ജോസ്, സി. സെലിൻ SABS, സി. ലീന SABS തുടങ്ങിയവർ ക്ലാസുകൾ എടുത്തു.

4. ജൂലൈ 16 കൂത്തുപറമ്പ് റാണിജെയ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ +2 വിദ്യാർത്ഥികൾക്കായി ക്ലാസ്സും, കൗൺസിലിംഗും നടത്തി. 89 കുട്ടികൾ പങ്കെടുത്തു. സി. സെലിൻ SABS, സി. ലീന SABS, ശ്രീ. ടോമി മലയിൽ ശ്രീ. സാലു അബ്രാഹം തുടങ്ങിയവർ നേതൃത്വം നൽകി.

**4. കൽപ്പറ്റ ഡി പോൾ ഇടവകാംഗങ്ങൾക്കും വികാരിയച്ചനും അഭിനന്ദനങ്ങൾ**

ജൂലൈ പത്താം തീയതി പ്രോ-ലൈഫ് ദിനമായി ആചരിക്കുകയും ഇടവകയിലെ കുടുംബങ്ങളിൽ ജനിക്കുന്ന അഞ്ചാമത്തെ കുട്ടിയുടെ പേരിൽ സ്ഥിരനിക്ഷേപം നടത്തുന്നതിനുവേണ്ടി അന്നേ ദിവസം ഇടവകജനങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിക്കുകയും ചെയ്ത വികാരിയച്ചൻ ബഹു. ജോസ് കൊച്ചറക്കലിനെ പ്രത്യേകമായി ഈയവസരത്തിൽ അഭിനന്ദിക്കുന്നു. ഇത് മറ്റ് ഇടവകകൾക്കും പകർത്താവുന്ന മാതൃകയാണ്.

**5. ജപമാലസഖ്യം**

ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 750 ലധികം അംഗങ്ങൾ വഴി ജപമാല ചൊല്ലി മധ്യസ്ഥ പ്രാർത്ഥന നടത്തുന്ന ജപമാലസഖ്യം വഴി അനേകർക്ക് രോഗസൗഖ്യം ലഭിച്ചിട്ടുണ്ട്. ജപമാല സഖ്യത്തിലേക്ക് പുതിയ അംഗങ്ങളായി ചേർന്ന സി.എം.സി, എഫ്.സി.സി. സിസ്റ്റേഴ്സിനെ സ്വാഗതം ചെയ്യുന്നു.

**അടുത്ത മാസത്തെ പ്രോഗ്രാം**

1. ജൂലൈ 31: റിപ്പൺ സെന്റ് ആന്റണീസ് ചർച്ച് (കോഴിക്കോട് രൂപത)- ഇടവകാംഗങ്ങൾക്കുവേണ്ടി.
2. ആഗസ്റ്റ് 7: സെന്റ് ജൂഡ് ചർച്ച് മൂലങ്കാവ് (മാനന്തവാടി രൂപത)- മാതാപിതാക്കൾക്കുവേണ്ടി.
3. ആഗസ്റ്റ് 13: മുണ്ടക്കുറ്റി സ്കൂൾ: ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുംവേണ്ടി 2 p.m - 4.30 p.m.
4. ആഗസ്റ്റ് 13: കൽപ്പറ്റ സെന്റ് ജോസഫ് സ്കൂൾ - മാതാപിതാക്കൾക്ക് 9.30- 1.00 p.m.

ഇടവകകളിൽ പ്രോഗ്രാം നടത്തുന്നതിനും, ജപമാലസഖ്യത്തിൽ അംഗങ്ങളാകുന്നതിനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**സാലു അബ്രാഹം മേച്ചേരിൽ**
മലബാർ റീജ്യണൽ കോ-ഓഡിനേറ്റർ
ഫോൺ: 9961297696

**അഡ്വ. ജോസ് കുറുമ്പാലക്കാട്ട്**
സോണൽ കോ ഓഡിനേറ്റർ
ഫോൺ: 9446647614

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരങ്ങളെ,

ഭാരതത്തിലെ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ആത്മീയവും ഭൗതികവുമായ ഒരു ഉയിർത്തെഴുന്നേൽപ്പിന്റെ മാസമാണല്ലോ ആഗസ്റ്റ്. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും നമ്മുടെ രാഷ്ട്രത്തിന്റെ 65-ാം സ്വാതന്ത്ര്യദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ഭൗതിക സ്വാതന്ത്ര്യം പല പിൻതിരിപ്പൻ ശക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സ്വാധീനത്താൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആത്മീയ സ്വാതന്ത്ര്യം അനുഭവിച്ച് ജീവിക്കുവാനുള്ള അനുഗ്രഹത്തിനായി പരി. അമ്മയുടെ സഹായവും മാധ്യസ്ഥവും നമുക്ക് പ്രാർത്ഥിക്കാം.

മഴക്കാലം ദുരിതങ്ങളുടെയും രോഗങ്ങളുടെയും കൂടി കാലമാണല്ലോ. ദുരിതങ്ങളിലും രോഗാവസ്ഥകളിലും മറ്റും പെട്ടുഴലുന്ന നമ്മുടെ സഹോദരങ്ങളെ സന്ദർശിച്ച്, കഴിയുന്ന വിധത്തിലെല്ലാം അവർക്ക് ആശ്വാസമേകാൻ നമുക്ക് പരിശ്രമിക്കാം. സെപ്റ്റംബർ മാസം വിൻസെൻഷ്യൻ അംഗങ്ങളെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള മാസമാണ്. സെപ്റ്റംബർ 9 ന് വിൻസെന്റ് ഡി പോൾ സൊസൈറ്റി സ്ഥാപകനായ ഫ്രെഡറിക് ഓസാനാമിന്റെ തിരുനാളും സെപ്റ്റംബർ 27 ന് വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളും എല്ലാ കോൺഫ്രൻസുകളും സമുചിതമായി ആചരിക്കേണ്ടതാണ്. തിരുനാളിന്റെ ഒരുക്കമായി നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും അന്നേദിവസം കോൺഫ്രൻസിന്റെ വകയായി ഇടവകകളിൽ വി. കുർബാന ചൊല്ലിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

## സി.സി. യോഗവും തീരുമാനങ്ങളും

25-06-2011 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് റവ. ഫാ. ജോർജ്ജ് മേമനയുടെ സാന്നിധ്യത്തിൽ സി.സി. യോഗം ചേർന്ന്

പ്രവർത്തനങ്ങൾ വിലയിരുത്തി. ക്രിസ്തീയ വിശ്വാസം ദൃഢമായാൽ മാത്രമേ വിൻസെന്റ് ഡി പോൾ പ്രവർത്തനം കരുത്തുള്ളതാകൂ എന്ന് മേമനയച്ചൻ ചൂണ്ടിക്കാട്ടി. തുടർന്ന് സി.സി. വാർഷികത്തിന്റെ വിലയിരുത്തൽ നടന്നു. ശേഷം നടന്ന ചർച്ചയിൽ എ.സി. പ്രസിഡണ്ടുമാർ കോൺഫ്രൻസ് സന്ദർശനം ഊർജ്ജിതമാക്കാൻ തീരുമാനിച്ചു. പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് നൽകി വരുന്ന ഭക്ഷണശുശ്രൂഷ, എ.സി. തലത്തിലുള്ള മീറ്റിംഗുകൾ ഒരു സ്ഥലത്തുതന്നെ വെക്കാതെ അല്പം അസൗകര്യമുണ്ടെങ്കിലും മാറ്റി മാറ്റി വെക്കുക, ജൂനിയർ കോൺഫ്രൻസുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കുവാൻ ശ്രമിക്കുക, പ്രോജക്ടുകൾ കൃത്യമായി സമർപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുവാൻ തീരുമാനിച്ചു.

**അറിയിപ്പുകൾ**

**സ്കോളർഷിപ്പ് 2011–'12**

1). 2011–12 വർഷത്തെ TTS, HES, AAS, VTS സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഒരു കോൺഫ്രൻസിൽ നിന്ന് ഒരു വിദ്യാർത്ഥിയുടെ അപേക്ഷ നൽകിയാൽ മതി.

a) HES സ്കോളർഷിപ്പ്: 4, 5 വർഷ കോഴ്സുകളായ എം.ബി.ബി.എസ് ബി.ഇ., ബി.ടെക് etc 5000 രൂപ വെച്ച് 5 വർഷം ധനസഹായം ലഭിക്കും.

b) TTS: 2, 3 വർഷ കോഴ്സുകളായ ജനറൽ നഴ്സിംഗ്, ഐ.ടി.ഐ, ഡിപ്ലോമാ ഇൻ അഗ്രികൾച്ചർ, എൻജിനിയറിംഗ് etc 3000 രൂപ വെച്ച് 3 വർഷം ധനസഹായം ലഭിക്കും.

c) AAS: ഒന്നോ രണ്ടോ വർഷം നീണ്ടു നിൽക്കുന്ന മറ്റ് തൊഴിലധിഷ്ഠിത കോഴ്സുകൾ. ഒരു വർഷം 2325 രൂപ ധനസഹായം.

d) VTS: 16 മുതൽ 22 വയസ്സ് പ്രായമുള്ളവരും ഒന്നോ ഒന്നരവർഷം മാത്രം പരിശീലനം ആവശ്യമായ കോഴ്സുകൾ 1 വർഷം 1500 രൂപ. വിശദവിവരങ്ങളും അപേക്ഷാഫോമും അടുത്ത സി.സി. യോഗത്തിൽ നൽകുന്നതാണ്.

2). വിദേശ കത്തിടപാടുകൾ എല്ലാ കോൺഫ്രൻസുകളും നടത്തണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. എ.സി. പ്രസിഡണ്ടുമാർ അടുത്ത സി.സി. യോഗത്തിന് വരുമ്പോൾ ഈ വർഷം കത്തയച്ച

തിന്റെ കോപ്പി, അയച്ച തീയതി എന്നീ വിവരങ്ങൾ കൊണ്ടുവരേണ്ടതാണ്. എ.സി. കളിൽ ഇതു സംബന്ധിച്ച ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3) സി.സി യോഗത്തിൽ എ.സി. പ്രസിഡന്റുമാർ എ.സി. പ്രവർത്തന റിപ്പോർട്ട് നൽകേണ്ടതുകൊണ്ട് കോൺഫ്രൻസുകളും ഏ. സി. മീറ്റിംഗിൽ റിപ്പോർട്ട് സമർപ്പിക്കുക.

**ഓസ്സാനഭവൻ സന്ദർശനം**

**പയ്യമ്പള്ളി എ.സി.**

| | | |
|---|---|---|
| 1. സെന്റ് ജോസഫ്സ് അപ്പപാറ | - | 16-8-2011 |
| 2. ലിറ്റിൽ ഫ്ളവർ ഒണ്ടയങ്ങാടി (വ) | - | 17-8-2011 |
| 3. സെന്റ് മാർട്ടിൻ ഒണ്ടയങ്ങാടി (പു) | - | 18-8-2011 |
| 4. സെന്റ് കാതറിൻ പയ്യമ്പള്ളി (പു) | - | 19-8-2011 |
| 5. സെന്റ് മേരി പയ്യമ്പള്ളി (വ) | - | 20-8-2011 |
| 6. സെന്റ് അൽഫോൻസ പടമല (പു) | - | 22-8-2011 |
| 7. സെന്റ് തോമസ് ആറാട്ടുതറ (മിക്സഡ്) | - | 24-8-2011 |

**പുൽപ്പള്ളി എ.സി.**

| | | |
|---|---|---|
| 8. സെന്റ് ആഗ്നസ് മുള്ളൻകൊല്ലി | - | 25-8-2011 |
| 9. സെന്റ് ജൂഡ് അമരക്കുനി | - | 27-8-2011 |
| 10. സാന്തോം കോൺഫ്രൻസ് മരകാവ് | - | 29-8-2011 |
| 11. സെന്റ് അൽഫോൻസ ഇരുളം (പു) | - | 31-8-2011 |
| 12. സെന്റ് സെബാസ്റ്റ്യൻസ് ഇരുളം (വ) | - | 2-9-2011 |

**തരിയോട് എ.സി.**

| | | |
|---|---|---|
| 13. സെന്റ് തോമസ് ചെന്നലോട് (പു) | - | 5-9-2011 |
| 14. വിമല ചെന്നലോട് (വ) | - | 7-9-2011 |
| 15. സെന്റ് അൽഫോൻസ് കാവുംമന്ദം | - | 12-9-2011 |
| 16. സെന്റ് ഫ്രാൻസീസ് അസ്സീസ്സി മഞ്ഞൂറ (പു) | - | 13-9-2011 |

നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരണമെന്ന് മാതാവിനോട് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**ബ്രദർ എം.സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ലോക ലഹരിവിരുദ്ധദിനം**

ജൂൺ 26 ന് ലോക ലഹരിവിരുദ്ധദിനം കാവുംമന്ദം ഇടവകയിൽ വെച്ച് സമുചിതമായി ആചരിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും തരിയോട് മേഖലാ കെ.സി.വൈ.എം. ന്റെയും സംയുക്താഭിമുഖ്യത്തിലാണ് ലഹരിവിരുദ്ധ ദിനാചരണം നടത്തിയത്. വി. ബലിക്ക് കെ.സി.വൈ.എം. മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര കാർമ്മികത്വം വഹിച്ചു. ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഉദ്ഘാടനം കൽപ്പറ്റ നിയോജക മണ്ഡലം MLA ശ്രീ. M.V ശ്രേയാംസ്കുമാർ നിർവ്വഹിച്ചു. KCYM തരിയോട് മേഖലാ പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ചു. തരിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എ. എം. ജോസഫ്, വൈ. പ്രസിഡണ്ട് ശ്രീമതി ലില്ലി, ത്രിതല പഞ്ചായത്ത് മെമ്പർമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. KCYM ഡയറക്ടർ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലികൊടുത്തു. തരിയോട് മേഖലാ ഡയറക്ടർ റവ. ഫാ. റെജി മുതുകത്താനിയിൽ KCYM മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ഏകദിന സെമിനാറിന് രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ, സെക്രട്ടറി ടോമി എൻ.യു എന്നിവർ നേതൃത്വം നൽകി. സെമിനാറിന് ശേഷം ലഹരിവിരുദ്ധ റാലിയും സംഘടിപ്പിച്ചു.

ലഹരിവിരുദ്ധ ദിനാചരണം വലിയ വിജയമാക്കി തീർത്തത് ബഹു. റെജിയച്ചന്റെ ശക്തമായ നേതൃത്വമാണ്. ഇടവകകൾ സന്ദർശിക്കുകയും മുന്നൂറോളം യുവജനങ്ങളെ സംഘടിപ്പിക്കുകയും എല്ലാ ക്രമീകരണങ്ങളും ഭംഗിയായി ചെയ്യുകയും ചെയ്ത റെജിയച്ചന് ഒത്തിരി ഒത്തിരി നന്ദി.

## ദ്വാരക S.H.H.S ൽ ലഹരിവിരുദ്ധ സെമിനാർ

ദ്വാരക SH ഹൈസ്കൂൾ ജെ.ആർ.സി, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് എന്നിവയിലെ അംഗങ്ങൾക്കായി ജൂൺ 27 ന് അർദ്ധ ദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. രൂപതാ പ്രസിഡണ്ട് ജോൺസൺ തൊഴുത്തുങ്കൽ മോചന 2011 ന് നേതൃത്വം നൽകി. സ്കൂൾ ഹെഡ്മാസ്റ്റർ ജോസഫ് സാർ സെമിനാർ ഉദ്ഘാടനം ചെയ്തു.

## സംസ്ഥാന റിസോഴ്സ് ടീം പരിശീലനം

സംസ്ഥാന റിസോഴ്സ് ടീം പരിശീലനം ജൂൺ 25, 26 തീയതികളിൽ കൊല്ലം രൂപതയിലെ കൊട്ടിയം ആനിമേഷൻ സെന്ററിൽ വെച്ച് നടന്നു. രൂപതയിൽ നിന്ന് സംസ്ഥാന വൈസ് പ്രസിഡണ്ട് പി. എ. ജെയിംസ്, ആനിമേറ്റർ സി. ജോവിറ്റ, സി. മരിയ, ശ്രീ. ക്ലമന്റ് ചാക്കോ എന്നിവർ പങ്കെടുത്തു.

## സംസ്ഥാന നേതൃയോഗം

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ഭാരവാഹികളുടെയും രൂപതാ പ്രസിഡണ്ട്, ആനിമേറ്റർ, ഡയറക്ടർ എന്നിവരുടെയും അർദ്ധവാർഷിക നേതൃത്വ സമ്മേളനം ജൂലൈ 8, 9 തീയതികളിൽ എറണാകുളം പി. ഒ. സി. യിൽ വെച്ച് ചേരുകയുണ്ടായി. സമ്മേളനം കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ ഉദ്ഘാടനം ചെയ്തു. രൂപതാ, സംസ്ഥാന റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഭാവിപരിപാടികൾ ആസൂത്രണം ചെയ്തു. സമ്മേളനത്തിന്റെ സമാപനസമ്മേളനത്തിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനും സംസ്ഥാന എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിനും സ്വീകരണം നൽകി. സംസ്ഥാന ജനറൽ സെക്രട്ടറി റവ. ഫാ. ആന്റണി സംസ്ഥാന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ, പ്രസിഡണ്ട് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ആനിമേറ്റർ സി. ജോവിറ്റ എന്നിവർ പങ്കെടുത്തു.

## സംഘടനാ ഭാരവാഹികളുടെ നേതൃത്വ യോഗം

മാനന്തവാടി രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ ഭാരവാഹികളുടെ യോഗം ജൂലൈ 16 ന് ശനിയാഴ്ച രാവിലെ 11 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. മാനന്തവാടി രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം., മിഷൻലീഗ്, മാതൃ

സംഘം, കോർപ്പറേറ്റ് സ്കൂൾ മാനേജ്മെന്റ്, മതബോധനം എന്നിവയുടെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

സമൂഹത്തിനും സഭയ്ക്കും പൊതുഭീഷണി ഉയർത്തുന്ന മദ്യമെന്ന മഹാവിപത്തിനെതിരെ ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ യോഗത്തിൽ തീരുമാനമായി. വളർന്നുവരുന്ന തലമുറയെ എങ്കിലും ആ കൊടിയ തിന്മയിൽ നിന്ന് രക്ഷിക്കാൻ കർമ്മപരിപാടികൾ വിവിധ സംഘടനാ തലത്തിലും പൊതുവിലും നടത്തുവാൻ തീരുമാനിച്ചു.

**പ്രധാന നിർദ്ദേശങ്ങൾ**

1 എല്ലാ സംഘടനകളിൽ നിന്നും 5 പേരെ ഉൾപ്പെടുത്തി വിപുലമായ ഒരു റിസോഴ്സ് ടീം രൂപീകരിക്കുക.

2 വയനാട് മദ്യനിരോധിത മേഖലയാക്കണമെന്ന് ആവശ്യപ്പെട്ട് എല്ലാ സംഘടനകളും മുഖ്യമന്ത്രി, എക്സൈസ് മന്ത്രി, പട്ടികവർഗ്ഗ-യുവജനകാര്യമന്ത്രി കുമാരി ജയലക്ഷ്മി, വയനാട്ടിലെ MLA മാർ, കളക്ടർ, എക്സൈസ് കമ്മീഷണർ എന്നിവർക്ക് നിവേദനം നൽകുക.

3 കോർപ്പറേറ്റ് സ്കൂളുകളിലും സഹകരിക്കുന്ന ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക.

4 ലഹരി വിരുദ്ധ ആശയം പ്രചരിപ്പിക്കുന്ന ലഘുലേഖ, പോസ്റ്റർ എന്നിവ പ്രചരിപ്പിക്കുക.

5 ലഹരി വിരുദ്ധ മത്സരങ്ങൾ നടത്തുക.

6 വിവിധ തലങ്ങളിൽ ചർച്ച ചെയ്ത ശേഷം രൂപതാ തലത്തിൽ വിവിധ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ലഹരിവിരുദ്ധ റാലി സംഘടിപ്പിക്കുക.

7 കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ വിവിധ സംഘടനകളുടെ സഹായത്തോടെ രൂപീകരിക്കുക.

8 മദ്യപാനം മഹാപാപം എന്ന സന്ദേശം പ്രചരിപ്പിക്കുക.

**രൂപതാ റാലി**

വർദ്ധിച്ചുവരുന്ന ലഹരി സംസ്കാരത്തിനെതിരെ വിവിധ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ലഹരി വിരുദ്ധ റാലി നടത്തുന്നതിനെക്കുറിച്ച് വിവിധ തലങ്ങളിൽ ആലോചനകൾ നടക്കുന്നു. വയനാടിന്റെ പ്രത്യേക സാഹചര്യം മനസിലാക്കി ആദിവാസി മേഖലയായ വയനാട് മദ്യവിമുക്തമാക്കുക എന്ന സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യവും മുന്നിൽ കാണുന്നു.

**ലഹരിവിരുദ്ധ ക്ലബുകൾ**

വിദ്യാർത്ഥികളുടെ ഇടയിൽ മദ്യത്തിന്റെയും ഇതര ലഹരി വസ്തുക്കളുടെയും ഉപയോഗം ഭയാനകമായ വിധം വർദ്ധിച്ച് വരുന്നു. ഈ തിന്മയ്ക്കെതിരെ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്ന ലക്ഷ്യ ത്തോടെ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബുകൾക്ക് രൂപം നൽകുന്നു.

**KCYM ന് അഭിനന്ദനങ്ങൾ**

2011 വർഷം ലഹരിവിരുദ്ധ വർഷമായി പ്രഖ്യാപിച്ച് ഊർജ്ജിത മായ ലഹരിവിരുദ്ധ പ്രവർത്തനത്തിന് ശക്തമായ നേതൃത്വം നൽകുന്ന KCYM പ്രസ്ഥാനത്തിന് KCBC മദ്യവിരുദ്ധ സമിതിയുടെ ഒരായിരം ആശം സകൾ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## I. പീപ്പിൾസ് ഓർഗനൈസേഷൻ

### SWS സെക്രട്ടറി മീറ്റിംഗ്

സോഷ്യൽ വെൽഫയർ സൊസൈറ്റി സെക്രട്ടറിമാരുടെ മീറ്റിംഗ് ജൂൺ 8–ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ മേഖലാ ഡയറക്ടർ ശ്രീ. ഐസക്ക് ഈപ്പൻ പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി ക്ലാസ്സെടുത്തു. WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിക്കുകയും, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

### LIC ജനശ്രീ സുരക്ഷാ പദ്ധതി

WSSS മായി ചേർന്ന LIC നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജനശ്രീ സുരക്ഷാ പദ്ധതിയെക്കുറിച്ച് LIC കോഴിക്കോട് റീജണൽ ഓഫീസിലെ ഗ്രൂപ്പ് ഇൻഷുറൻസ് വിഭാഗം മാനേജർ ശ്രീ. രാജഗോപാൽ വിശദീകരിച്ചു.

**അർഹത:**

1). 18 വയസിനും 59 വയസിനും ഇടയ്ക്ക് പ്രായമുള്ള വ്യക്തികൾ.

2). ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പുറമേ, ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിലുള്ളവർക്കും പരിരക്ഷ നേടാം.

**ആനുകൂല്യങ്ങൾ:**

1). അംഗത്തിന് സാധാരണ മരണം സംഭവിച്ചാൽ 30,000 രൂപ നോമിനിക്ക് നൽകും.

2) അപകട മരണം സംഭവിച്ചാൽ 75,000 രൂപയും നൽകും.

## സ്കോളർഷിപ്പ്

ഈ ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നവരുടെ മക്കൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. അർദ്ധ വർഷം 600 രൂപ തോതിൽ 9–ാം ക്ലാസ് മുതൽ 12–ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കും. ഒരു കുടുംബത്തിലെ രണ്ട് വിദ്യാർത്ഥികൾക്ക് ആണ് സ്കോളർഷിപ്പ് ലഭിക്കുക. 100 പേരുടെ ഇൻഷുറൻസ് ഗ്രൂപ്പിൽ പരമാവധി 15 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക

## പ്രീമിയം

ഒരു അംഗം പ്രതിവർഷം 100 രൂപ അടയ്ക്കണം. ജനശ്രീ സുരക്ഷാപദ്ധതി SWS തലത്തിൽ നടപ്പിലാക്കുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്തു.

## SWS കൊട്ടിയൂർ മേഖലാ സംഗമം

കൊട്ടിയൂർ മേഖലാ SWS ഭാരവാഹികളുടെയും, സ്വാശ്രയസംഘം ഭാരവാഹികളുടെയും സംഗമം ജൂൺ 10–ാം തീയതി ചുങ്കക്കുന്ന് ഫാത്തിമമാതാ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. റവ. ഫാ. തോമസ് ചേറ്റാനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ഉദ്ഘാടനം ചെയ്തു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തുകയും WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ ആശംസകളർപ്പിക്കുകയും ചെയ്തു. 'കൗമാരക്കാരുടെ പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ സി. സെലിൻ കുത്തുകല്ലുങ്കൽ SABSഉം, ക്രഡിറ്റ് യൂണിയൻ സംവിധാനത്തെക്കുറിച്ച് WSSS ജനറൽ കോർഡിനേറ്റർ ശ്രീ. പി.എ. ജോസും ക്ലാസുകൾ നയിച്ചു.

## മുളയുൽപ്പന്ന പരിശീലനം

നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള ചെറുകിട സംരംഭക വികസന പദ്ധതി പ്രകാരം മുളയുൽപ്പന്ന നിർമ്മാണ പരിശീലനം ജൂൺ 22–ാം തീയതി WSSS ൽ ആരംഭിച്ചു. ഉദ്ഘാടന പരിപാടിയിൽ WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴ അദ്ധ്യക്ഷത വഹിക്കുകയും മാനന്തവാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ. പി.വി. ജോർജ്ജ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. NABARD ജില്ലാ മാനേജർ ശ്രീ. ബൈജു കുറുപ്പ് മുഖ്യ പ്രഭാഷണം നടത്തി. 14 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയിൽ 30 സ്ത്രീകൾ പങ്കെടുത്തു.

## മെഡിക്കൽ ക്യാമ്പ്

വെള്ളൂന്നി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 19-ാം തീയതി ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി. പേരാവൂർ ഗവ. ഹോമിയോ ഡിസ്പൻസറിയിലെ ഡോക്ടർ ശ്രീമതി സോഫിയ ക്യാമ്പിന് നേതൃത്വം നൽകി.

## പരിസ്ഥിതി സെമിനാർ

കണിയാരം സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 26-ാം തീയതി പരിസ്ഥിതി സെമിനാർ നടത്തി. സംസ്ഥാന അദ്ധ്യാപിക അവാർഡ് ജേതാവ് ശ്രീമതി സിസിലി N.L. ക്ലാസിന് നേതൃത്വം നൽകി.

## നടപ്പാലം നിർമ്മിച്ചു

മംഗലശ്ശേരി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ മംഗലശ്ശേരിയേയും പുളിഞ്ഞാലിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാലം കല്ലാംതോടിന് കുറുകെ നിർമ്മിച്ചു. 57 അംഗങ്ങൾ ശ്രമദാനത്തിൽ പങ്കെടുത്തു.

## II. സേവ് എ ഫാമിലി പദ്ധതി

## റിവ്യൂ മീറ്റിംഗ്

കാലടി ഐശ്വര്യഗ്രാമിൽ സംഘടിപ്പിച്ച 2011-12 വർഷത്തെ ഒന്നാം ഘട്ട വിശകലന മീറ്റിംഗ് ജൂൺ 13-16 തീയതികളിൽ നടത്തി. പ്രസ്തുത മീറ്റിംഗിൽ SAFP കോർഡിനേറ്റർ ലീഷ്മ മേരി പങ്കെടുക്കുകയും ആദ്യ മൂന്ന് മാസത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

ആനിമേറ്റർമാരായ സുജ മാത്യു, ഷൈനി ജോർജ്, ആൻസി ജെൽസൺ എന്നിവർ ഭവനസന്ദർശനം നടത്തുകയും, സെൻട്രൽ തല മീറ്റിംഗുകളിൽ മഴക്കാല രോഗങ്ങളെക്കുറിച്ച് ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ഇടവകാതലത്തിലുള്ള ഫാമിലി ആക്ഷൻ ടീമിന്റെ (FAT) മീറ്റിംഗുകൾ അതത് ഇടവക വികാരിമാരുടെ നേതൃത്വത്തിൽ ചേരുകയും ഗുണഭോക്താക്കളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. 18 പുതിയ കുടുംബങ്ങളെ SAFP യിലേക്ക് തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷകൾ കല്പ്പറ്റ, മാനന്തവാടി റീജിയണുകളിലെ 5 ഇടവകകളിൽ എത്തിക്കുകയും, പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

## DEEP വിധവാ സഹായ പദ്ധതി

SAFP ഇന്ത്യയുടെ നേതൃത്വത്തിൽ 45 വയസിൽ താഴെയുള്ള വിധവകളെ ഗുണഭോക്താക്കളാക്കി DEEP (Development through

Empowerment, Entrepreneurship and Participation) എന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയിലേക്ക് 48 ഗുണഭോക്താക്കളെ കണ്ടെത്തുകയും രണ്ട് ദിവസങ്ങളിലായി തൊഴിൽ സംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ജൂൺ 3–ാം തീയതി നടത്തിയ ധനസഹായ വിതരണ പരിപാടിയിൽ ശ്രീമതി ഉഷ വിജയൻ (മാനന്തവാടി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ) ഗുണഭോക്താക്കൾക്ക് ചെക്ക് വിതരണം ചെയ്തു.

## III. ജൈവകൃഷി സാക്ഷ്യതാപത്ര പദ്ധതി

### മേഖലാ ഗ്രൂപ്പ് ലീഡേഴ്സ് യോഗങ്ങൾ

വിവിധ മേഖലകളിലെ ജൈവകർഷക ഗ്രൂപ്പുകളുടെ ലീഡർമാർക്കായി യോഗങ്ങൾ സംഘടിപ്പിച്ചു. ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും, ഗ്രൂപ്പ് ശാക്തീകരണത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. മാനന്തവാടി, പടിഞ്ഞാറത്തറ, പുൽപ്പള്ളി എന്നീ മേഖലകളിലാണ് ഗ്രൂപ്പ് ലീഡർമാരുടെ യോഗങ്ങൾ സംഘടിപ്പിച്ചത്.

### ക്രെഡിറ്റ് യൂണിയനുകൾ

ജൈവ സാക്ഷ്യ പദ്ധതിയുടെ ഭാഗമായി നിലകൊള്ളുന്ന ജൈവ കർഷക ഗ്രൂപ്പുകളിൽ ക്രഡിറ്റ് യൂണിയനുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഗ്രൂപ്പുകളുടെ ശാക്തീകരണത്തിനും, കർഷകരുടെ ഇടയിൽ സമ്പാദ്യശീലം വളർത്തുന്നതിനും ക്രഡിറ്റ് യൂണിയനുകളുടെ പ്രവർത്തനം സഹായിക്കുമെന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ക്രഡിറ്റ് യൂണിയൻ ആരംഭിക്കുവാൻ തീരുമാനിച്ചത്. വരും മാസങ്ങളിൽ ഗ്രൂപ്പുകളിൽ ക്രഡിറ്റ് യൂണിയൻ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നിർദ്ദേശിച്ചു.

## IV. പാരമ്പര്യേതര ഊർജ്ജ സംരക്ഷണം

കേളകം, നെല്ലിയോടി, അരബറ്റക്കുന്ന്, ബാംഗളുരു, അയിലമൂല, കല്ലോടി, തവിഞ്ഞാൽ, മരകാവ്, ചെറുകാട്ടൂർ തുടങ്ങിയ സ്ഥലങ്ങളിലായി 11 ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും, 8 പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തു. ചുള്ളിയാന, കാലടി എന്നിവിടങ്ങളിൽ 2 സ്ഥലങ്ങളിൽ പ്ലാന്റ് നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നു.

ഖാദി ഗ്രാമവ്യവസായ കമ്മീഷൻ 2011–12 സാമ്പത്തിക വർഷം അധികമായി അനുവദിച്ച 8 ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും കമ്മീഷൻ ഓഫീസിൽ നിന്ന് സന്ദർശനം നട

ത്തുകയും ചെയ്തു. ഈ പ്ലാന്റുകൾക്ക് സബ്സിഡി ലഭിക്കുന്നതിനാവശ്യമായ രേഖകൾ KVIC ഓഫീസർ സമക്ഷം നൽകുകയും ചെയ്തു.

## V. ഫാം വയനാട് പദ്ധതി

ഫാം വയനാട് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലെ ഒന്നാം വർഷ പ്രവർത്തനം ജൂൺ 30 ന് പൂർത്തിയാക്കി. 2010 നവംബറിൽ തുടങ്ങിയ മൂന്നാം ഘട്ട പ്രവർത്തനം WSSS ന്റെ മേൽനോട്ടത്തിൽ മാനന്തവാടി, തിരുനെല്ലി, ഇടവക, പടഞ്ഞാറത്തറ, തരിയോട്, കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ തിരഞ്ഞെടുത്ത 600 കർഷകരിലൂടെയാണ് നടപ്പിലാക്കുന്നത്.

**ഫാം വയനാട് പദ്ധതിയുടെ ഭാഗമായി ജൂൺ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ:**

### പഞ്ചായത്ത്തല കാർഷിക സെമിനാർ

പടിഞ്ഞാറത്തറ, തരിയോട്, മാനന്തവാടി, തിരുനെല്ലി ഗ്രാമ പഞ്ചായത്തുകളിലെ 200 കർഷകർക്കായി സുസ്ഥിര കൃഷിരീതിയെപ്പറ്റി ഏകദിന പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൃഷി ഓഫീസർമാർ, കാർഷിക വിദഗ്ദർ, പഞ്ചായത്ത് പ്രതിനിധികൾ, WSSS പ്രവർത്തകർ മുതലായവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

### ലീഡ് ഫാർമേഴ്സ് പരിശീലനം

ആറ് പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത 60 ലീഡ് കർഷകർക്ക് ന്യൂട്രീഷൻ ഗാർഡനിംഗിൽ ഏകദിന പരിശീലനം 2011 ജൂൺ 27 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് നൽകി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ പരിശീലനം ഉദ്ഘാടനം ചെയ്തു. ഇടവക കൃഷി ഓഫീസർ ശ്രീ. കെ. മമ്മുട്ടി, ശ്രീ. എൻ.ജെ. ചാക്കോ WSSS എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

### സാന്ത്വന സൗഹൃദ കൗൺസിലിംഗ്

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സാന്ത്വന സൗഹൃദ കൗൺസിലിംഗിലൂടെ വിവിധ ജീവിത പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന 31 വ്യക്തികൾക്ക് സാന്ത്വനം നൽകാൻ സാധിച്ചു.

### പദ്ധതി വിശകലന മീറ്റിംഗ്

ഫാം വയനാട് പദ്ധതിയുടെ ജൂൺ മാസത്തെ വിശകലന മീറ്റിംഗ് ജൂൺ 28-ാം തീയതി കൽപ്പറ്റ പദ്ധതി കോർഡിനേറ്റിംഗ് ഓഫീസിൽ വെച്ച് നടത്തി. കാരിത്താസ് ഇന്ത്യ NRM മേധാവി ഡോ. ശ്രീ. ഹരിദാസ്, ഫാം വയനാട് മാനേജർ ശ്രീ. ഇ. ജെ. ജോസ് എന്നിവർ നേതൃത്വം നൽകി.

## VI. ആക്ഷൻ റിസർച്ച്

പനമരം ഗ്രാമപഞ്ചായത്തിൽ നടത്തിവരുന്ന ആക്ഷൻ റിസർച്ചിന്റെ ഭാഗമായി 23 വാർഡുകളിലെയും ആദിവാസി കുടുംബങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായി. ആകെ 2315 കുടുംബങ്ങളിൽ കണക്കെടുപ്പ് നടത്തി. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പൂർണ്ണ പിന്തുണ ആക്ഷൻ റിസർച്ചിന് ലഭിച്ചിട്ടുണ്ട്. ഗവേഷണത്തിന്റെ ലക്ഷ്യങ്ങളും, പ്രവർത്തന രീതികളും ഭരണസമിതിയിൽ ചർച്ച ചെയ്യുകയും സംശയനിവാരണം നടത്തുകയും ചെയ്തു. പരിയാരം കോളനിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വാസു അമ്മാനി കണക്കെടുപ്പിന്റെ പഞ്ചായത്തുതല ഉദ്ഘാടനം നിർവ്വഹിച്ചു. പരിശീലനം നേടിയ 32 വനിതകളുടെ സേവനം സർവ്വേ നടത്തുന്നതിന് ലഭിച്ചു. തൊഴിലിനുവേണ്ടി ഏറ്റവും കൂടുതൽ കുടിയേറ്റം നടത്തുന്ന നാല് വാർഡുകൽ കേന്ദ്രീകരിച്ച് തുടർ പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സർവ്വേ ഫോം ക്രോഡീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള നടപടികളും ആരംഭിച്ചു.

## VII. നബാർഡ് നീർത്തട വികസന പദ്ധതി തൈകൾ വിതരണം ചെയ്തു

നബാർഡ് നീർത്തട വികസന പദ്ധതിയുടെ ഭാഗമായി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിലെ അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി നീർത്തടങ്ങളിൽ തൈകൾ വിതരണം ചെയ്തു. തെങ്ങ്, മാവ്, ചെറുനാരകം, മുസാമ്പി, ആര്യവേപ്പ്, സപ്പോട്ട എന്നീ തൈകളാണ് വിതരണം ചെയ്തത്. അയനിവയൽ നീർത്തടത്തിൽ തൈകളുടെ വിതരണോദ്ഘാടനം WSSS ജനറൽ കോർഡിനേറ്റർ ശ്രീ. പി. എ. ജോസ് നിർവ്വഹിച്ചു. നെല്ലേരി നീർത്തടത്തിൽ വാർഡ് മെമ്പർ ശ്രീമതി ലക്ഷ്മി ഗോപിയും, മട്ടിലയം നീർത്തടത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി എം. കെ. ആയിഷയും, പൊർളോം നീർത്തടത്തിൽ വാർഡ് മെമ്പർ ശ്രീ. അനിൽ കുമാറും തൈ വിതരണം ഉദ്ഘാടനം ചെയ്തു.

### പൂർണ്ണ നിർവ്വഹണ ഘട്ട പ്രവർത്തനങ്ങൾ

നബാർഡ് നീർത്തട വികസന പദ്ധതിയുടെ പൂർണ്ണ നിർവ്വഹണ ഘട്ട പ്രവർത്തനങ്ങൾ സജീവമായി വരുന്നു. ഈ ഘട്ടത്തിൽ പ്രധാനമായും മൺകയ്യാലകളുടെ നിർമ്മാണം, കല്ലുകയ്യാലകളുടെ നിർമ്മാണം, നീർക്കുഴികളുടെ നിർമ്മാണം എന്നിവയാണ് നടപ്പിലാക്കുവാനുള്ളത്. ഇതിൽ കല്ലുകയ്യാലകളുടെ നിർമ്മാണം 25% ത്തോളം പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

## VIII. സമഗ്ര ആദിവാസി വികസന പദ്ധതി (WADI)

WSSS, നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദി വാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതി നോടകം 4000 മീറ്റർ കല്ല് കയ്യാലകളും, 4500 മീറ്റർ മൺ കയ്യാലയും പൂർത്തീകരിക്കുവാൻ സാധിച്ചു. 10000 ത്തിൽ അധികം കാപ്പിതൈകൾ, 2000 ത്തോളം കുരുമുളക് വള്ളികളും നട്ടു. ജൈവവേലിയുടെ നിർമ്മാണം പുരോഗമിക്കുന്നു. ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി നൽകിയ വാഴ, ചേന, കാച്ചിൽ എന്നിവ ശരിയായ രീതിയിൽ പരിച രിച്ച് വരുന്നു. പദ്ധതിയിലെ മുഴുവൻ കുടുംബങ്ങൾക്കും കാർഷിക ഉപ കരണങ്ങൾ വിതരണം ചെയ്തു. ജനകീയ സംഘാടനത്തിന്റെ ഭാഗ മായി 24 സ്വാശ്രയ സംഘങ്ങൾക്ക് രൂപം നൽകി. വിവിധ വിഷയങ്ങ ളിൽ ബോധവൽക്കരണ പരിപാടികളും, മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. സാക്ഷരതാ ക്ലാസുകളും, ട്യൂഷൻ ക്ലാസുകളും കോള നികളിൽ സജീവമായി നടന്നു വരുന്നു.

## IX. കേരളാ ലേബർ മൂവ്മെന്റ് (KLM)

### തൊഴിലാളി ഫോറം രൂപീകരിച്ചു

സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (SNTU) ചെറുകിട തോട്ടം തൊഴിലാളി യൂണിയൻ എന്നീ ഫോറങ്ങൾ ജൂൺ 22-ാം തീയതി WSSS ൽ വെച്ച് നടന്ന KLM ൽ യോഗത്തിൽ വെച്ച് രൂപീകരിച്ചു. പ്രസ്തുത യോഗത്തിൽ WSSS ജോയിന്റ് ഡയറക്ടർ റവ. ഫാ. സെബാ സ്റ്റ്യൻ ഏലംകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. KLM സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ സംസ്ഥാന പ്രസിഡണ്ട് ശ്രീ. കെ.ജെ. തോമസ് ഫോറം രൂപീകരണ നടപടിക്രമ ങ്ങൾ വിശദീകരിച്ചു. ക്ഷേമനിധി അംഗത്വകാർഡ് വിതരണം WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ നിർവ്വഹിച്ചു. സ്വാഗതം ശ്രീമതി മിനി ഉണ്ണികൃഷ്ണനും, നന്ദി ശ്രീ. കെ.ഒ. ജോയിയും രേഖ പ്പെടുത്തി. 77 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

## റേഡിയോ മാറ്റൊലി 90.4 mhz

മാനന്തവാടി താലൂക്കിൽ പടർന്നു പിടിച്ച കോളറ പകർച്ച വ്യാധിക്കെതിരെയുള്ള മുൻകരുതലുകൾക്ക് പട്ടിക വർഗ്ഗ യുവജനകാര്യ ക്ഷേമ മന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി വിളിച്ചുചേർത്ത അടിയന്തിര യോഗത്തിൽ റേഡിയോ മാറ്റൊലി പങ്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ കോളറ പകർച്ച വ്യാധിക്കെതിരെ വിവിധ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്യുകയും ചെയ്തു.

റേഡിയോ പ്രോഗ്രാം നിർമ്മാണത്തിനായി റേഡിയോ മാറ്റൊലി വിവിധ സർക്കാർ വകുപ്പുകളും വിവിധ സംഘടനകളുമായി സഹകരിച്ച് വയനാടിന്റെ വിവിധ ഭാഗങ്ങളിലായി 8 ഓപ്പൺ ഫോറം വർക്ക്ഷോപ്പുകൾ നടത്തി.

ഗുജറാത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദി (IRMA) ലെ പ്രൊഫസർ ശ്രീ. ഹരികൃഷ്ണ മിശ്ര റേഡിയോ മാറ്റൊലി സന്ദർശിച്ചു. അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) യുടെ കേരളത്തിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന്റെ ഭാഗമായിട്ടാണ് റേഡിയോ മാറ്റൊലി സന്ദർശിച്ചത്.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

## Mary Matha arts & science college

1. Results April/May 2011

| Sl. No. | Dept | Passed/ Appeared | % |
|---|---|---|---|
| 1. | English | 24/24 | 100% |
| 2. | Maths | 29/22 | 91% |
| 3. | Zoology | 17/21 | 81% |
| 4. | Comp.Sc | 18/22 | 82% |
| 5. | Commerce | 37/37 | 100% |
| 6. | Chemistry | 13/21 | 62% |

Congratulations to the Staff and Students of all departments specially to the departments of English and Commerce. The department of English has been consistently performing well.

The Dept of Commerce needs special appreciation (Dept Head in Charge: Dr. Rakesh Kalia. Teachers: Ms. Simi, Ms. Seema, Mr. Praveen, and Ms Philomina) for the meteoric rise in the pass percentage from 51% two years back to 100% this year.

2. The College Magazine, *Pottu won the Vaikkam Muhhammed Bashir Award* for the *Best College Magazine of the Year 2009-'10* instituted by the Bankmen's Club, Calicut. The Students' Union Chairman received the Award @ a function organized on the 8 July in the Town Hall, Kozhikodu. Around 250 students contributed to the Magazine. Sri Sravan of III Yr Maths and Fr. Francis respectively were the Student and Staff Editors.

3. Rev. Msgr Mathew Madappallikkunnel, the new Manager addressed the Staff on 22 and 27 June and discussed the issues regarding the *Reaccreditation* of the College.
4. Sri. Sibin Jose (former student), Sr. Sheeja Abraham and Ms. Jesna James have joined the Dept of Chemistry while Ms. Babitha T.K. and Ms. Treasa P.V. have joined the Dept of Maths as Guest Faculty.
5. An FIP Vacancy is being filled up in the Dept of Zoology.
6. On 24 June the University Inspection Team visited the Campus to evaluate the *Upcoming UGC funded Women's Hostel.*
7. On 28 June the entire faculty took training on *Smart Class Operations.* The Facility has been installed on UGC Funds, and the Keys of the facility have been handed over to the respective depts. The Smart Class Operations will be inaugurated shortly by the Honorable Minister Ms. Jayalakshmi.
8. The Resource Team led by Fr. Francis (Sri Bibin Jose, Sri Jocymon, and Sri Regi Francis), and assisted by the Students' Union gave *Orientation to the Freshers* from 27-29 June. The Senior Students held a Dept-Wise *Welcome Ceremony* to the Freshers on the A/Noon of Friday, 8 July. While students on many campuses harass the Freshers, the Seniors of Mary Martha have been exhibiting a model to behold by keeping the Campus Ragging-free without any compulsions from the administration.
9. Applications are invited for *Ten Scholarships* of Rs. 1000/- each instituted by the Indian Jeevakarunya Charitable Trust, Kottayam from students having financial difficulties and are not availing any other scholarships.
10. UGC Funds worth Rs. 200000/- are distributed to the various departments for the purchase of *books and journals* for the year.
11. UGC Funds worth Rs. 1200000/- are availed for installing 70 KV *Diesel Generator* and Smart *Class Facilities*. Fr. Biju and Dr. Martin coordinated.
12. UGC has released Rs. 210000/- to be disbursed as Stipend to students who are financially challenged. This year around 100

deserving students are being selected from the various departments.

13. UGC has released funds worth Rs. 160000/- to the College for General Development.
14. Applications are invited for Admission to M Sc *Maths.*
15. Ms Nimmy V. Joy, MSW is appointed *Professional Councillor* for the Academic Year.
16. On 13 July Revd Fr. Manager released the Zoolit 2010 (the Manuscript Magazine of the Dept of Zoology) and inaugurated the newly formed club by the Dept., ECO-FRIENDS.
17. In order to ensure a friendly and peaceful campus atmosphere Mary Martha continues to abide by the *Parliamentary Mode of Elections* this year too. The Class Reps (one each from Boys & Girls) are selected based on the following criteria: 1. Minimum 75% attendance; 2. No disciplinary action taken; and 3. No Academic Arrears with an Over All CGPA-2. Fr. Francis is appointed Staff Advisor and Commissioner to hold the Elections. The system has ensured a Strike-free and Politics-free Zone on Campus. The Mentors (Class Teachers) will coordinate activities at the Class Level while the HODs at the Dept-level. The parents have met Class-wise and have selected their representatives, which in turn will elect the Executive Council of the PTA. Sri Savio James will continue to be the Staff Secretary to the PTA.
18. The Board of Governors of the College Cooperative Society met @ 11.30 hrs and decided to continue the *Book Bank Facility* for financially challenged students of all classes.
19. The Academic Excellence Day is scheduled for 10.30 hrs on 05 August. Sr. Dr. Germina will coordinate. The Patron will give away the Scholarships and Awards. The Patron will also present a *sewing machine* to a tribal woman as part of the Employment Training Program for Tribal Women @ Appapara.
20. The Board of Governors will have their Annual Meet @ 12.00 hrs on 5 August to deliberate on the immediate prospects of the College.

**Dr. Raju George** (Principal)



# അറിയിപ്പുകൾ

**പാലാ കമ്മ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ**
**കാഴ്ച – 2011 ഷോർട്ട് ഫിലിം മത്സരം**

കേരളത്തിലെ പ്രമുഖ കലാ–സാംസ്കാരിക പ്രസ്ഥാനമായ പാലാ കമ്മ്യൂണിക്കേഷൻസ് ഉത്തമമൂല്യങ്ങളും സനാതന സന്ദേശങ്ങളും ഉൾക്കൊള്ളുന്ന മികച്ച കലാസൃഷ്ടികളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ കാഴ്ച–2011 ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ഏറ്റവും മികച്ച ഷോർട്ട് ഫിലിമുകൾക്കും സംവിധായകർക്കും തിരക്കഥാകൃത്തുക്കൾക്കും അവാർഡു നൽകുന്നതാണ്.

**നിബന്ധനകൾ**

1. ധാർമ്മികതയിൽ ഊന്നിയ സന്ദേശങ്ങൾ, ഉത്തമമൂല്യങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നതും സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതും, ഉത്തമ കുടുംബജീവിതം, സാംസ്കാരിക ഉന്നമനം എന്നിവ ലക്ഷ്യമാക്കുന്നതുമായ ഷോർട്ട് ഫിലിമുകൾ, ഡോക്യു–ഫിക്ഷൻ തുടങ്ങിയവ മത്സരത്തിനയയ്ക്കാവുന്നതാണ്.
2. ഷോർട്ട് ഫിലിമിന്റെ ദൈർഘ്യം അരമണിക്കൂറിൽ കൂടാനോ 10 മിനിറ്റിൽ കുറയാനോ പാടില്ല.
3. ഷോർട്ട് ഫിലിം മലയാളം, ഇംഗ്ലീഷ് ഉൾപ്പെടെ ഏതു ഭാഷയിലുമാകാം.
4. വീഡിയോ ക്യാമറ, ഹാൻഡിക്യാം, മൊബൈൽ ഫോൺ എന്നിവ ചിത്രീകരണത്തിന് ഉപയോഗിക്കാവുന്നതാണ്.
5. ഷോർട്ട്ഫിലിമിന്റെ DVD/VCD ഫോർമാറ്റിൽ 3 കോപ്പി അയയ്ക്കേണ്ടതാണ്.
6. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മത–സാംസ്കാരിക പ്രസ്ഥാനങ്ങൾ,

ഇടവകകൾ, സൺഡേസ്കൂൾ, വ്യക്തികൾ എന്നിവർക്ക് എൻട്രികൾ അയയ്ക്കാം. ഷോർട്ട്ഫിലിമിന്റെ നിർമ്മാതാവ്, സംവിധായകൻ, തിരക്കഥാകൃത്ത് എന്നിവരെ സംബന്ധിച്ച് സ്ഥാപനാധികാരിയുടെയോ നിർമ്മാതാവിന്റെയോ സാക്ഷ്യപത്രം കോപ്പിയോടൊപ്പം അയയ്ക്കേണ്ടതാണ്.

7. മാധ്യമരംഗത്തു പ്രവർത്തിക്കുന്ന പ്രമുഖരുടെ ഒരു പാനൽ വിധിനിർണ്ണയം നടത്തുന്നതാണ്.
8. പാലായിൽ 2011 സെപ്റ്റംബറിൽ നടക്കുന്ന അഖിലകേരള പ്രൊഫഷണൽ നാടകമേളയുടെ സമാപനത്തിൽ അവാർഡ് വിതരണം ചെയ്യുന്നതാണ്.
9. ക്യാഷ് അവാർഡ്, മെമന്റൊ, സർട്ടിഫിക്കറ്റ് എന്നിവ അടങ്ങിയതാണ് അവാർഡ്.
10. എൻട്രികൾ 2011 ഓഗസ്റ്റ് 15–നു മുമ്പായി താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

കാഴ്ച – 2011
C/o പാലാ കമ്മ്യൂണിക്കേഷൻസ്
ഷലോം പാസ്റ്ററൽ സെന്റർ
പാലാ – 786 575,
Ph: 04822 210812, 201039

**ബാബു കുരുവിള**
കോ–ഓർഡിനേറ്റർ
Mob: 9446193993

**ഫാ. ജെയിംസ് വെണ്ണായിപ്പിള്ളിൽ**
ഡയറക്ടർ
പാലാ കമ്മ്യൂണിക്കേഷൻസ്
Mob: 9048306071




# Programme

## PASTORAL CENTRE, DWARAKA

### *August - 2011*

| | | |
|---|---|---|
| *05 F* | - | *Zion CRC : Night Vigil* |
| *06 S* | - | *Zion CRC : Prayer Day; Christeen Prayer Day* |
| *07 S* | - | *KCYM : Secretariat / Syndicate* |
| *12 F - 15 M* | - | *Marriage Preparation Course* |
| *12 F* | - | *CML : Executive* |
| *13 S* | - | *Jesus Youth : Prayer Day; Catechism: HDC; CML: Meghala Presidents' + Secretaries' Meet* |
| *16 T* | - | *CMA Executive* |
| *22 S* | - | *Catechism : HDC* |
| *23 T* | - | *Marian Singles* |
| *29 M* | - | *Priests' Conference* |
| *30 T* | - | *Catechism : HDC* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *August 2011*

| | |
|---|---|
| *2 Tue ...............* | *Back from Abroad* |
| *3 Wed ..............* | *Engaged* |
| *4 Thu ...............* | *Tellicherry* |
| *5 Fri ................* | *Out of station* |
| *6 Sat ................* | *To Connoor* |
| *7 Sun ...............* | *Connoor : Blessing of the new Sunday school building* |
| | *Burliar : Laying of the Foundation stone for church* |
| *8 Mon - 12 Fri.* | *KCBC Bishops' Retreat* |
| *13 Sat - 15 Mon.* | *Engaged* |
| *16 Tue - 27 Sat.* | *Kakkanad : Bishop's Synod* |
| *28 Sun ................* | *Back from Synod* |
| *29 Mon ...............* | *Priests' conference* |
| *30 Tue ...............* | *WSSS Governing Body Meeting* |
| *31 Wed-1Sept.-Thu* | *Kunnoth : Seminary Commission* |

## *September 2011*

| | |
|---|---|
| *1 Thu ............* | *Kunnoth : Seminary Commission* |
| *2 Fri ...............* | *Out of station* |
| *3 Sat ................* | *Mary Matha College : International Workshop on Mathematics* |
| *4 Sun ................* | *Chulliode : Pastoral Visit* |
| *5 Mon ...............* | *Visitors' Day* |
| *6 Tue ................* | *Engaged* |
| *7 Wed ............* | *Visitors' Day* |
| *9 Fri .............* | *Out of Station* |
| *10 Sat ................* | *Dwaraka: MST Fathers'* 'Kadukumani' *Programme* |
| *11 Sun .............* | *Kottathara : Pastoral Visit* |
| *12 Mon .............* | *Visitors' Day* |
| *13 Tue .............* | *Nedumpala : Blessing of Presbytery* |
| *14 Wed .............* | *Visitors Day* |
| *15 Thu .............* | *Engaged* |
| *16 Fri .............* | *Out of Station* |
| *17 Sat .............* | *Engaged* |
| *18 Sun .............* | *Mothakkara : Pastoral Visit* |
| *19 Mon 23 Fri ..* | *Retreat for Priests* |
| *24 Sat ................* | *Engaged* |
| *25 Sun ...............* | *Thrissilery : Pastoral Visit* |
| *26 Mon 30 Fri ...* | *Retreat for Priests* |
| *31 Sat-Octo.4 Thu.* | *Chennai : CBCI Labour Commission Meeting* |

"ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും" (അപ്പ.1:8)

# സീറോ–മലബാർ പ്രേഷിതവർഷം

## (2011 ആഗസ്റ്റ് –2012 ആഗസ്റ്റ്)

കർത്താവായ ദൈവമേ, മാർ തോമാശ്ലീഹായുടെ മിശിഹാനുഭവത്താലും, പ്രേഷിത പ്രവർത്തനത്താലും രൂപം കൊണ്ട സീറോ-മലബാർ സഭയെ, നിരവധി അനുഗ്രഹങ്ങൾ നൽകി പരിപാലിച്ചുകൊണ്ടിരിക്കുന്നതിനെയോർത്ത്, അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. പ്രേഷിതവർഷം ആചരിക്കുന്ന ഞങ്ങൾ, പുതിയ പന്തക്കുസ്താനുഭവത്താൽ നിറഞ്ഞവരായി, അങ്ങേക്കു സാക്ഷ്യം വഹിക്കുവാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമെ. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം എന്ന തിരുവചനം ഹൃദയത്തിൽ കാത്ത്, ഭാരതം മുഴുവനിലും, അങ്ങയെ അറിയാത്ത മറ്റു സ്ഥലങ്ങളിലും അങ്ങയുടെ ദിവ്യപുത്രന്റെ പ്രേഷിതദൗത്യം നിർവ്വഹിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. സുവിശേഷത്തിനുവേണ്ടി തീക്ഷ്ണതയോടുകൂടി പ്രവർത്തിക്കുവാനും, കഷ്ടതകൾ സന്തോഷത്തോടെ സഹിക്കുവാനും, സന്മനസുള്ള ധാരാളം യുവതിയുവാക്കന്മാരെ അങ്ങയുടെ പ്രേഷിത വയലുകളിലേക്കയക്കണമെ. ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിലെ അംഗങ്ങളെല്ലാവരും ജീവിതസാക്ഷ്യത്തിലൂടെയും, പ്രാർത്ഥനയിലൂടെയും പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരാൻ ഇടയാക്കണമെ.

പരിശുദ്ധകന്യകാമറിയത്തിന്റെ അപേക്ഷയും, ഞങ്ങളുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും, വി. അൽഫോൻസാമ്മയുടെയും, ഞങ്ങളുടെ സഭയിലെ വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകളും ഈ പ്രേഷിതവർഷത്തിൽ ഞങ്ങളെ സഹായിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമ്മേൻ.

*(സീറോ മലബാർ ലിറ്റർജി കമ്മീഷൻ, കാക്കനാട്)*

# കാറോസൂസയിൽ കൂട്ടിചേർക്കാവുന്ന പ്രാർത്ഥനകൾ

(താഴെ കൊടുത്തിരിക്കുന്ന ക്രമം അനുസരിച്ച് ഓരോ ദിവസവും ഒരു പ്രാർത്ഥന കുർബാനയിലെയും യാമപ്രാർത്ഥനകളിലേയും കാറോസൂസായിൽ കൂട്ടിചേർക്കുക).

1. നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന് ആഹ്വാനം ചെയ്ത കർത്താവേ, മിഷൻ രംഗങ്ങളിൽ ശുശ്രൂഷചെയ്യുവാൻ ധാരാളം ദൈവവിളികൾ നൽകി ഈ പ്രേഷിതവർഷത്തിൽ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമെ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. മിശിഹായ്ക്കുവേണ്ടി ജീവൻ സമർപ്പിക്കാനുള്ള ധൈര്യവും തീക്ഷ്ണതയും കാണിച്ച മാർ തോമാശ്ലീഹായെപ്പോലെ വിശ്വാസത്തിൽ ഉറച്ചവരും സുകൃതങ്ങളിൽ തീക്ഷ്ണതയുള്ളവരുമായ അല്മായസഹോദരങ്ങളെ ഈ പ്രേഷിതവർഷത്തിൽ തിരുസഭയ്ക്ക് പ്രദാനം ചെയ്യണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. എന്റെ കർത്താവേ എന്റെ ദൈവമേ എന്ന് ധീരതയോടെ പ്രഖ്യാപിച്ച് തന്റെ ദൃഢമായവിശ്വാസം ഏറ്റുപറഞ്ഞ മാർതോമ്മാശ്ലീഹായെപ്പോലെ, വചനത്തിന്റെ പ്രഘോഷകരും അങ്ങയുടെ സാക്ഷികളും ആയി ജീവിതം സമർപ്പിച്ചിരിക്കുന്ന ഞങ്ങളുടെ മേലദ്ധ്യക്ഷന്മാരെയും വൈദികരേയും സമർപ്പിതരെയും ഈ പ്രേഷിതവർഷത്തിൽ ധാരാളമായി അനുഗ്രഹിക്കണമെയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. പെന്തക്കുസ്താതിരുനാളിൽ ശ്ലീഹന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധാത്മാവിനെ അയച്ച് സുവിശേഷം അറിയിക്കുവാൻ അവരെ ശക്തിപ്പെടുത്തിയ കർത്താവേ, ലോകമെങ്ങും വചനം പ്രഘോഷിക്കുവാൻ സന്നദ്ധരായ ധാരാളം പ്രേഷിതരെ ഈ പ്രേഷിതവർഷത്തിൽ സഭയ്ക്ക് നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. രക്ഷകനായ മിശിഹായെ നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്ക് പ്രയാസങ്ങളേയും എതിർപ്പുകളേയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ഈ പ്രേഷിത വർഷത്തിൽ ശക്തിനൽകണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

6. കർത്താവായ ഈശോയെ നിന്റെ സുവിശേഷം ലോകമെങ്ങും അറിയിക്കുവാനിറങ്ങിത്തിരിച്ച ശ്ലീഹന്മാരെപ്പോലെ എല്ലാത്തരം പ്രതിബന്ധങ്ങളുടേയും മുമ്പിൽ പതറാതെ പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി വചനം പ്രഘോഷിക്കുവാൻ ഞങ്ങളെല്ലാവരേയും അനുഗ്രഹിക്കണമെയെന്ന് ഈ പ്രേഷിതവർഷത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

7. കർത്താവായ ഈശോയെ, ലോകത്തിന്റെ പ്രലോഭനങ്ങൾക്ക് അടിമപ്പെടാതെ ഞങ്ങളുടെ കുഞ്ഞുങ്ങൾ വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്ന് നിന്റെ സുവിശേഷത്തിന സാക്ഷികളായിതീരാൻ അവരെ അനുഗ്രഹിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*(സീറോ മലബാർ ലിറ്റർജി കമ്മീഷൻ, കാക്കനാട്)*